# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.20 No.2 കാർത്തികപ്പള്ളി R.No. 7361/02 2020 FEBRUARY

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2018-20 Licence No. KL/CR/MVK/WPP-03/2018-20. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## അമ്മയ്ക്കു നൽകിയ ആദരവ്



കുഞ്ഞിനെ സാക്ഷിയാക്കി ഒരു പ്രമോഷൻ സ്വീകരിക്കുകയെന്നത് ഏത് അമ്മമാരെ സംബന്ധിച്ചും വൈകാരികമായ കാര്യം തന്നെയാകും. ഇത്തരമൊരു വീഡിയോ ആണ് സോഷ്യൽ മീഡിയയിൽ ഇപ്പോൾ വൈറലായി മാറുന്നത്. അമ്മ അഭിഭാഷകയായി സത്യപ്രതിജ്ഞ ചൊല്ലി സ്ഥാനമേൽക്കുമ്പോൾ ഇവരുടെ കുഞ്ഞിനെ ജഡ്ജ് പരിപാലിക്കുന്ന ദൃശ്യങ്ങൾ ഹൃദയങ്ങൾ കീഴടക്കുകയാണ്. വാഷിംഗ്ടൺ ഡി.സി. സ്റ്റേറ്റ് കോർട്ട് അപ്പീൽസ് ജഡ്ജ് റിച്ചാർഡ് ഡിൻകിൻസാണ് കൈയിൽ കുഞ്ഞിനെ താലോലിച്ച് അഭിഭാഷകയായി ചുമതലയേൽക്കുന്ന ജൂലിയാന ലാമറിന് സത്യവാചകം ചൊല്ലിക്കൊടുത്തത്. ലാമറിന്റെ ഇൻസ്റ്റാഗ്രാം പേജിൽ പങ്കുവച്ച ദൃശ്യങ്ങൾ സുഹൃത്ത് ട്വിറ്ററിൽ പങ്കുവച്ചതോടെയാണ് ലോകം മുഴുവൻ ഈ ജഡ്ജിനും, അമ്മയ്ക്കും, കുഞ്ഞിനും കൈയടിച്ചത്. ബെൽമോണ്ട് യൂണിവേഴ്സിറ്റി കോളജ് ഓഫ് ലോയിൽ നിയമം പഠിക്കുമ്പോൾ ജഡ്ജിയുടെ ക്ലാർക്ക് ജോലികൾ ഇവർ നിർവഹിച്ചിരുന്നു. വിദ്യാർത്ഥി ആയിരിക്കവെയാണ് ലാമർ ബെക്കാമിനെ ഗർഭം ധരിച്ചത്. കഴിഞ്ഞവർഷം ഒക്ടോബർ 20-നാണ് കുഞ്ഞ് പിറന്നത്. എന്തായാലും ജഡ്ജ് തനിക്ക് സമ്മാനിച്ചത് വാക്കുകൾ കൊണ്ട് വിശദീകരിക്കാൻ കഴിയാത്ത നിമിഷങ്ങളാണെന്ന് ലാമർ കൂട്ടിച്ചേർത്തു. ജഡ്ജ് ഒരു അമ്മയ്ക്ക് നൽകിയ ആദരവാണിതെന്ന് കാഴ്ചക്കാർ പ്രശംസിക്കുന്നു.

## ചാരൻഹിപ്പോ!



കൂട്ടുകാരുടെ രഹസ്യങ്ങൾ ചോർത്താൻ വന്ന ചാരൻ ഹിപ്പോ ആണ് ഇത്. ഇവന്റെ ജോലി എന്തെന്നോ? മറ്റു ഹിപ്പോകളുടെ കൂടെ നീന്തി അവരുടെ നീക്കങ്ങൾ ക്യാമറയിൽ പകർത്തുക! അതെ; ഇതു യഥാർത്ഥ ഹിപ്പോയല്ല; ഒരു റോബട്ടാണ് – കണ്ണുകളിൽ ക്യാമറ ഘടിപ്പിച്ച റോബട്ട്! ബി.ബി.സി.യുടെ 'സ്പൈ ഇൻ ദ് വൈൽഡ്' എന്ന പരിപാടിക്കുവേണ്ടി തയ്യാറാക്കിയതാണ് ഈ ചാരനെ. ഈ പരമ്പരയ്ക്കുവേണ്ടി ഇതുപോലെ പല ജീവികളുടെയും 'ഡ്യൂപ്പു'കളെ നിർമ്മിച്ചിട്ടുണ്ട്.

## കാടിനു നടുവിൽ ഒരു വീട്





തിരക്കുകളിൽ നിന്ന് ഒഴിഞ്ഞ് ശാന്തമായ ജീവിതം നയിക്കാനാഗ്രഹിക്കുന്ന മനുഷ്യരും നമുക്കിടയിലുണ്ട്. അത്തരക്കാർ പലപ്പോഴും മറ്റുള്ളവരിൽ നിന്നും അത്യന്തം വ്യത്യസ്തരായിരിക്കും. വില്യം-കേറ്റ് ദമ്പതികളും ഇത്തരം മനോവിചാരം ഉള്ളവരാണ്. പേര് കേട്ടിട്ട് ബ്രിട്ടീഷ് രാജകുടംബാംഗങ്ങൾക്ക് ഇതെന്തു പറ്റിയെന്നു ചോദിക്കാൻ വരട്ടെ. അവരല്ല ഇവർ. ന്യൂസിലൻഡുകാരാണ് ഈ ദമ്പതികൾ.

കാടിനു നടുവിൽ വീടുവച്ചാണ് ഇവർ തിരക്കുകളിൽ നിന്ന് ഒഴിവായത്. വൈഹെക് ദ്വീപിലെ ന്യൂസിലാൻഡ് ബുഷ് പ്രോപ്പർട്ടിയിലാണ് വില്ല്യം, കേറ്റ് ദമ്പതികളുടെ ഈ മനോഹരഗൃഹം സ്ഥിതി ചെയ്യുന്നത്. ഇവരുടെ വീട്ടിലേക്കെത്തുന്നവരുടെ കണ്ണിൽ ആദ്യം പതിയുക ചുറ്റുമുള്ള ഹരിതാഭവും ശാന്തവുമായ അന്തരീക്ഷമാണ്. റോഡിൽ വാഹനം പാർക്ക് ചെയ്ത് മുൾപടർപ്പ് കൊണ്ട് അലങ്കരിച്ച പാതയിലൂടെ നടന്നടുക്കുമ്പോൾ പുറംലോകത്തിന്റെ സമ്മർദ്ദം തികച്ചും ഇല്ലാതാവുകയും ഫ്രീ ആയി തുടങ്ങുകയും ചെയ്യുന്നു. ഈ ചെറിയ വീടിനുള്ളിൽ ദമ്പതികൾക്ക് ആവശ്യമായതെല്ലാം ഉണ്ട്. ഇവിടെവച്ച് ദമ്പതികൾക്ക് ഒരു കുഞ്ഞ് ജനിക്കുകയും ചെയ്തു. ആ കുഞ്ഞിനു വേണ്ടി ഓഫീസ് സ്പേസിനോട് ചേർന്ന് ഒരു നഴ്സറിയും അവർ ഡിസൈൻ ചെയ്തു. ചെറിയ ലൈബ്രറിയും പാർട്ടി ഏരിയയും ഇവിടെ ഒരുക്കിയിട്ടുണ്ട്. വലിയ വീടിനെ അപേക്ഷിച്ച് ചെറിയ വീട്ടിൽ താമസിക്കുന്നത് ജീവിതം കുറച്ചുകൂടി കാര്യക്ഷമമാക്കാനും സുഖകരമാക്കാനും സഹായിക്കുന്നു എന്നാണ് വീട്ടുകാർ പറയുന്നത്.

## സഹിഷ്ണുതാ വിമാനം




ഒരു രാജ്യത്ത് താമസിക്കുന്ന പല രാജ്യങ്ങളിൽ നിന്നുള്ളവരുടെ ഓരോ പ്രതിനിധികളുമായി ഒരു വിമാനം പറക്കാനൊരുങ്ങുന്നു. ദുബായ് സഹിഷ്ണുതാ ദിനത്തിൽ വ്യത്യസ്തതയുള്ള പരിപാടിയുമായി ദുബായിയുടെ ഔദ്യോഗിക എയർലൈനായ എമിറേറ്റ്സ് ആണ് ലോകജനതയുമായി പറക്കാനൊരുങ്ങുന്നത്. സഹിഷ്ണുതാ ദിനമായി ആചരിക്കുന്ന നവംബർ 29-ന് എമിറേറ്റ്സ് എയർലൈൻസിന്റെ പ്രത്യേക വിമാനം വ്യത്യസ്ത രാജ്യക്കാരുമായി യു.എ.ഇ.യ്ക്കു ചുറ്റും പറക്കും. യു.എ.ഇ.യിൽ ഏതൊക്കെ രാജ്യക്കാർ താമസക്കാരായുണ്ടോ അവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്നവരായിരിക്കും വിമാനത്തിലേക്ക് ക്ഷണിക്കപ്പെടുന്നത്. ഇരുന്നൂറിലധികം രാജ്യങ്ങളിൽനിന്നുള്ളവർ യു.എ.ഇ.യിലുണ്ട് എന്നാണ് കരുതപ്പെടുന്നത്.

## സമ്പന്നർ കുതിക്കുന്നു, ദരിദ്രർ കിതയ്ക്കുന്നു



ലോകത്തെ അതിസമ്പന്നൻമാരായ അഞ്ഞൂറ് കോടീശ്വരന്മാരെക്കുറിച്ചാണ് പറഞ്ഞുവരുന്നത്.

അമേരിക്കയിലെ ബ്ലൂംബെർഗ് ഏജൻസി തയാറാക്കിയ അതിസമ്പന്നരുടെ പട്ടികയിൽ (ബില്യണേഴ്സ് ഇൻഡക്സ്) ഇന്ത്യയിൽ നിന്നുള്ള കോടീശ്വരന്മാരുമുണ്ട്. ലോകത്തെ ഏറ്റവും വലിയ ധനാഢ്യൻ ബിൽഗേറ്റ്സ് ആണ്. 11,000 കോടി ഡോളറാണ് ബിൽഗേറ്റ്സിന്റെ സമ്പത്ത്. രണ്ടാം സ്ഥാനത്തുള്ള ജെഫ് ബെസോസ് 10,900 കോടി ഡോളറിന്റെ ഉടമയാണ്. റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനി പട്ടികയിൽ പതിനാലാം സ്ഥാനത്താണ്. മുകേഷ് അംബാനിക്ക് 5670 കോടി ഡോളറിന്റെ സമ്പത്താണുള്ളത്. ഇന്ത്യൻ സമ്പന്നരിൽ രണ്ടാമനായ അസീം പ്രേംജി 1930 കോടി ഡോളറിന്റെ സമ്പത്തിന് ഉടമയാണ്. നാം സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ 36 കോടിയായിരുന്നു നമ്മുടെ ജനസംഖ്യയെങ്കിൽ ഇന്ന് 130 കോടിയായി വർധിച്ചിരിക്കുന്നു. ഇതിൽ 70 ശതമാനം ആളുകൾ ഏകദേശം 100 കോടിയിലധികം ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഒരു ശതമാനം ആളുകളിൽ സമ്പത്ത് കേന്ദ്രീകരിച്ചിരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ 2018-2019 ലെ ബജറ്റിൽ കാണിച്ച മൊത്തം ആസ്തിയോടു തുല്യമായ സമ്പത്ത് 5 കോർപ്പറേറ്റ് കുടംബങ്ങൾക്കുണ്ട് എന്നാണു ഒരു ലോക സർവേ കാണിക്കുന്നത്. ചുരുങ്ങിയ കാലയളവിനുള്ളിൽ സർക്കാരിൽ സ്വാധീനം ഉള്ളവരും ഭരണകൂടം പിന്തുണ നൽകിയിരുന്നവരുമായ കുറെയേറെ ആളുകൾ ശതകോടീശ്വരന്മാരും അതിസമ്പന്നന്മാരും ആയിത്തീർന്നിട്ടുണ്ട്. മുതലാളിത്തത്തിനു പകരം ചങ്ങാത്ത മുതലാളിത്തമാണ് ഇവിടെ വളർന്നുവന്നിട്ടുള്ളത്.


### പട്ടത്വസഭകളും ദൈവസഭയും

**ടൈറ്റസ് കാർത്തികപ്പള്ളി**

പാരമ്പര്യസഭകളിൽ നിലവിലിരിക്കുന്ന ആചാരാനുഷ്ഠാനങ്ങളെ വേദപുസ്തക വെളിച്ചത്തിൽ വിശകലനം ചെയ്യുന്ന ഒരു ആധികാരിക ഗ്രന്ഥം. ദൈവസഭ എന്തെന്നറിയാത്തവരും പള്ളി മതത്തിലേക്ക് മടങ്ങിപ്പോയവരും പട്ടത്വ സഭാവിശ്വാസികളും നിശ്ചയമായും വായിച്ചിരിക്കേണ്ട ഒരു ഗ്രന്ഥം. മാസികാ വിലാസത്തിൽ ലഭ്യമാണ്.




### അറിയാനും പറയാനും

ദൈവം സത്യമോ, മിഥ്യയോ? പ്രപഞ്ചം ദൈവം സൃഷ്ടിച്ചു എന്നതിന് എന്താണ് തെളിവ്? ഏകനായ ദൈവം എങ്ങനെയാണ് മൂന്നു ദൈവമാകുന്നത്? ആദാമിന്റെ പാപം മനുഷ്യവർഗ്ഗത്തെ ബാധിക്കുന്നതെങ്ങനെ? മരണാനന്തര ജീവിതത്തിന് എന്ത് സാധ്യത? എന്തു യുക്തി? ആധുനീകയുഗത്തിൽ ബൈബിളിന് എന്ത് ആധികാരികതയും പ്രസക്തിയുമാണുള്ളത്? യേശു ദൈവമാകുന്നതെങ്ങനെ? ഇങ്ങനെയുള്ള ബൈബിൾ വിമർശകരുടെ ചോദ്യങ്ങൾക്കുള്ള മറുപടി എന്തെന്ന് അറിയാനും പറയാനും സഹായിക്കുന്ന പ്രസിദ്ധീകരണങ്ങൾക്ക് ബന്ധപ്പെടുക.

ടൈറ്റസ് കാർത്തികപ്പള്ളി
കേരള - 690516

✆ 9847232598
vedabhimani@gmail.com



| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |

# പ്രാർത്ഥനയുടെ യുക്തി



നിസ്സഹായന്റെ നിലവിളിയാണു പ്രാർത്ഥന.

“ദൈവമേ, എന്നെ വിടുവിപ്പാൻ യഹോവേ! എന്നെ സഹായിപ്പാൻ വേഗം വരേണമേ. ഞാനോ എളിയവനും ദരിദ്രനും ആകുന്നു. ദൈവമേ! എന്റെ അടുക്കൽ വേഗം വരേണമേ. നീ തന്നേ എന്റെ സഹായവും എന്നെ വിടുവിക്കുന്നവനും ആകുന്നു. യഹോവേ, താമസിക്കരുതേ.”

ഈ വരികൾ ശ്രദ്ധിക്കുക: ഇത് ഏതോ ദരിദ്രയാചകന്റെ പ്രാർത്ഥനയാണെന്നു തോന്നും. എന്നാൽ അതിശക്തനും അതീവസമ്പന്നനുമായ ഒരു രാജാവിന്റെ-യിസ്രായേലിന് അടിത്തറ പാകിയ ദാവീദിന്റെ പ്രാർത്ഥനയാണിത്.

‘ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ’ എന്നു യേശു ഒരിക്കൽ പറഞ്ഞു. ഭൗതികമായ സമ്പന്നത ആത്മാവിൽ ദരിദ്രരായിരിക്കുന്നതിനു തടസ്സമല്ലെന്നു ദാവീദിന്റെ ജീവിതം തെളിയിക്കുന്നു. ദൈവമുൻപാകെ ദാവീദ് എപ്പോഴും ദരിദ്രനും സ്വന്തകാഴ്ചയ്ക്ക് എളിയവനും (2 ശമുവേൽ 6:22) ആയിരുന്നു. ദാവീദിന്റെ സങ്കീർത്തനങ്ങളിലെല്ലാം പ്രതിധ്വനിക്കുന്നത് ഈ എളിമയും നിസ്സഹായതയുമാണ്.



ആത്മാവിൽ ദരിദ്രനായിരിക്കുന്നവന് പ്രാർത്ഥന പ്രാണവായുപോലെ അനുപേക്ഷണീയമായിരിക്കുമ്പോൾ, പ്രാർത്ഥനയുടെ ആവശ്യകത എന്തെന്ന് ശക്തരായവർക്കു മനസ്സിലാകുന്നില്ല. പ്രാർത്ഥിക്കുന്നതിൽ ഒരു യുക്തി ഇല്ലെന്ന് അവർക്കു തോന്നുന്നു. ദൈവത്തിന് എല്ലാം അറിയാമായിരിക്കെ, നാം ചോദിക്കുന്നതിനു മുൻപുതന്നെ നമ്മുടെ ആവശ്യങ്ങളെല്ലാം അവിടുന്നു മനസ്സിലാക്കിയിരിക്കെ, എന്തിനാണു പ്രാർത്ഥിക്കുന്നത്?

അതുപോലെ ‘ഈ പ്രപഞ്ചത്തിൽ എല്ലാം പ്രവർത്തിക്കാൻ ശക്തനായവന്റെ കരങ്ങളെ ചലിപ്പിക്കുന്ന ശക്തിയാണു പ്രാർത്ഥന’ എന്നെല്ലാമുള്ള പ്രാർത്ഥനയുടെ നിർവ്വചനത്തിലും ഒരു യുക്തിഭദ്രതയില്ലെന്ന് അവർക്കു തോന്നുന്നു. ‘സ്വയംപര്യാപ്തത’ എന്നത് ദൈവത്തിന്റെ ഒരു സ്വാഭാവിക ഗുണമാണ്. അങ്ങനെയെങ്കിൽ ദൈവം എന്തെങ്കിലും പ്രവർത്തിക്കുന്നതു മനുഷ്യന്റെ പ്രാർത്ഥനയെ ‘ആശ്രയി’ച്ചാണ് എന്നു പറയുന്നതു ശരിയായിരിക്കുമോ?-അവർ സന്ദേഹിക്കുന്നു.

ഇതിന് എന്താണു മറുപടി? പ്രാർത്ഥനയുടെ ഈ ‘നിഗൂഢത’യെ എങ്ങനെ വിശദീകരിക്കാം? യേശു ഒരിക്കൽ ‘കൊയ്ത്തിന്റെ യജമാനനോടു കൊയ്ത്തിലേക്കു വേലക്കാരെ അയയ്ക്കേണ്ടതിനു യാചിപ്പിൻ’ എന്നു പറഞ്ഞു (മത്താ.9:38). സത്യത്തിൽ യേശു തന്നെയാണ് കൊയ്ത്തിന്റെ യജമാനൻ. കൊയ്ത്തും അവിടുത്തേതാണ്. വേലക്കാരും മറ്റാരുടേതുമല്ല. എന്നിട്ടും ‘കൊയ്ത്തിനു വേലക്കാരെ അയയ്ക്കേണമേ’ എന്നുള്ള പ്രാർത്ഥന തന്റെ അടുത്ത് എത്തുന്നതുവരെ അവിടുന്ന് ഒന്നും പ്രവർത്തിക്കാതെ നില്ക്കുന്നതിന്റെ രഹസ്യം എന്തായിരിക്കും? നിസ്സാരനായ മനുഷ്യൻ പ്രാർത്ഥിച്ചാൽ മാത്രമേ വലിയവനായ ദൈവം പ്രവർത്തിക്കുകയുള്ളൂവെന്നു പറയുന്നതിന്റെ യുക്തി എന്താണ്?

ദൈവം ഈ പ്രപഞ്ചത്തെയും മനുഷ്യവംശത്തേയും എല്ലാം സൃഷ്ടിച്ചതിനു പിന്നിൽ ഒരു ലക്ഷ്യമുണ്ട്-തന്റെ പുത്രനായ യേശുക്രിസ്തുവിന് നിത്യമായി ഒരു പങ്കാളിയെ (കാന്തയെ) ലഭിക്കണം. എഫേസ്യർക്ക് എഴുതിയ ലേഖനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന മർമ്മം (നിഗൂഢത) ഇതാണ്. യേശുവിന്റെ ഈ കാന്ത സഭയാണ് (എഫേസ്യർ 5:32). ചുരുക്കത്തിൽ ദൈവത്തിന്റെ പദ്ധതിയിൽ സഭയ്ക്ക് അതുല്യമായ ഒരു പദവിയുണ്ട്. പ്രപഞ്ചത്തിൽ എല്ലാറ്റിനും മീതെയാണു സഭയുടെ സ്ഥാനം. സഭയ്ക്കും മുകളിൽ ശിരസ്സായി ക്രിസ്തുവാണുള്ളത്. ക്രിസ്തുവിന്റെ ശരീരം തന്നെയാണു സഭ. അങ്ങനെയെങ്കിൽ ഈ പ്രപഞ്ചത്തെ ഭരിച്ചു നിയന്ത്രിക്കുന്ന ക്രിസ്തുവിന്റെ പരമാധികാരം സഭയും പങ്കിടുന്നുണ്ട്. സഭയെന്നു പറഞ്ഞാലോ? മനുഷ്യവംശത്തിൽ നിന്നു യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട മനുഷ്യരുടെ കൂട്ടമാണത്. അപ്പോൾ വീണ്ടെടുക്കപ്പെട്ട മനുഷ്യർക്ക് ഈ പ്രപഞ്ചത്തെ സംബന്ധിച്ചിടത്തോളം ദൈവത്തോടൊപ്പം ഒരു ‘സഹസർവ്വാധിപതി’ (Co-Soverign) യുടെ സ്ഥാനമാണുള്ളത്. ഈ സ്ഥാനവും പദവിയും അധികാരവും ദൈവം തന്നെയാണു കൊടുത്തത് (1 കൊരി. 6:2,3; 2 തിമൊ.2:12; വെളി.2:26, 3:21, 5:9,10 എന്നീ ഭാഗങ്ങൾ വായിക്കുക). എന്നാൽ തന്റെ സഹഭരണാധികാരിയായ പങ്കാളിയുടെ സമ്മതവും അംഗീകാരവും കൂടാതെ സ്വയമായി എന്തെങ്കിലും പ്രവർത്തിക്കുന്നതു ദൈവത്തിന്റെ നീതിക്കു നിരക്കുന്നതല്ല. അതുകൊണ്ട് പ്രാർത്ഥനയിലൂടെ നാം ആവശ്യപ്പെടുന്നതുവരെ ദൈവം കാത്തു നിൽക്കും.

ദൈവവും വിശ്വാസിയും ചേർന്നുള്ള ഈ പ്രവർത്തനത്തെ ഒരു ബാങ്ക് ലോക്കർ തുറക്കുന്നതിനോടു താരതമ്യപ്പെടുത്താം. നിങ്ങൾക്ക് ബാങ്കിൽ ഒരു ലോക്കർ ഉണ്ടെങ്കിൽ അതിനു രണ്ടു താക്കോലുകൾ ഉണ്ടായിരിക്കും. ഒരു താക്കോൽ നിങ്ങളുടെ കൈവശവും മറ്റേതാക്കോൽ ബാങ്കു മാനേജരുടെ കൈവശവുമാണു സൂക്ഷിക്കുക. ഈ താക്കോലുകളിൽ ഏതെങ്കിലും ഒന്നു മാത്രം ഉപയോഗിച്ചാൽ ഈ ലോക്കർ തുറക്കാനാവില്ല. എന്നാൽ നിങ്ങൾ ബാങ്കിൽ ചെന്നു നിങ്ങളുടെ താക്കോൽ മാനേജരെ ഏല്പിക്കുമ്പോൾ അദ്ദേഹം രണ്ടു താക്കോലും ഒരേ സമയം ഇട്ട് പൂട്ടു തുറക്കുന്നു. ലോക്കറിലെ നിക്ഷേപം അപ്പോൾ മാത്രമാണ് നിങ്ങൾക്ക് എടുക്കുവാൻ കഴിയുന്നത്. ഈ ഭൂമിയിൽ നമ്മെ സംബന്ധിച്ചുള്ള എല്ലാ കാര്യത്തിന്റെയും താക്കോൽ ദൈവത്തിന്റെ കൈവശമുണ്ട്. പക്ഷേ നാം നമ്മുടെ കൈവശമുള്ള താക്കോൽ കൂടെ പ്രാർത്ഥനയായി അവിടെ എത്തിച്ചാൽ മാത്രമേ പൂട്ടു തുറക്കുകയുള്ളു. നാം അതു ചെയ്തില്ലെങ്കിലോ? ആ കാര്യം സമ്മതമാണെങ്കിലും ദൈവം തനിയേ പൂട്ടു തുറക്കുകയില്ല. ഫലം അനുഗ്രഹത്തിന്റെ നിക്ഷേപങ്ങൾ പുറത്തെടുക്കാനാകാതെ അവിടെ ഇരുന്നുപോകും. നോക്കുക: പ്രാർത്ഥനയെന്നത് എത്രയോ യുക്തിഭദ്രമായ ഒരു കാര്യമാണ്.

ആത്മാവിൽ ദരിദ്രനായ ഒരുവൻ പ്രാർത്ഥനയുടെ ഈ യുക്തിയൊന്നും മനസ്സിലാക്കിയിട്ടല്ല പ്രാർത്ഥിക്കുന്നത്. ദൈവത്തിൽ മാത്രം ആശ്രയമുള്ള, സ്വയത്തിൽ വിശ്വാസമില്ലാത്ത, അവന് പ്രാർത്ഥിക്കാതിരിക്കാനാവില്ല. യേശു ഐഹിക ജീവതകാലത്ത് ഈ നിലയിലായിരുന്നു. പ്രാർത്ഥന എന്ന പദം യേശുവിനോടു ചേർത്ത് നാലു സുവിശേഷങ്ങളിലായി 25 പ്രാവശ്യമാണു ഉപയോഗിച്ചിരിക്കുന്നത്! യേശുവിനെ സംബന്ധിച്ച് ഇങ്ങനെയാണെങ്കിൽ നമ്മെ സംബന്ധിച്ച് പ്രാർത്ഥന എത്രയോ അനിവാര്യമാണ്!

ഓർക്കുക: ആത്മാവിൽ ദരിദ്രരാകുന്തോറും നമ്മുടെ പ്രാർത്ഥന വർദ്ധിക്കും; നമ്മുടെ സ്വയം ശക്തമാകുന്തോറും നമ്മുടെ പ്രാർത്ഥന കുറയുകയും ചെയ്യും. മറ്റുള്ളവർക്കു വേണ്ടി നമുക്കു ചെയ്യാൻ കഴിയുന്ന ഏറ്റവും മഹത്തായ കാര്യം പ്രാർത്ഥനയാണ്. ദൈവം നമ്മെ രൂപപ്പെടുത്തുന്നത് പ്രാർത്ഥനയ്ക്കനുസരിച്ചാണ്. പ്രാർത്ഥന വർദ്ധിക്കുന്തോറും നാം നന്നായിക്കൊണ്ടിരിക്കും.

# തോൽപ്പിക്കാനാവില്ല






“അവർ നിന്നോടു യുദ്ധം ചെയ്യും. നിന്നെ ജയിക്കയില്ലതാനും. നിന്നെ രക്ഷിപ്പാൻ ഞാൻ നിന്നോടുകൂടെ ഉണ്ട്” (യിരെ.1:19).

മുകളിൽ ഉദ്ധരിച്ച വചനത്തിൽ കർത്താവിന്റെ ശിഷ്യന്മാരെക്കുറിച്ച് മൂന്നു കാര്യങ്ങൾ ഉറപ്പായി പറയുന്നു.

1) സാത്താനും അവന്റെ ഏജന്റുമാരും നമുക്കെതിരെ യുദ്ധം ചെയ്യും.

2) അവർ നമ്മെ ജയിക്കുകയില്ല.

3) നമ്മെ വിടുവിക്കാനായി കർത്താവ് എപ്പോഴും നമ്മോടു കൂടെ ഉണ്ട്.



ലോകത്തിൽ ആയിരിക്കുന്നിടത്തോളം കാലം നാം ഉപദ്രവങ്ങളേയും പീഡനങ്ങളേയും പരീക്ഷകളേയും നേരിടേണ്ടതുണ്ട്. അതുകൊണ്ട് നാം ഒരിക്കലും വരുംനാളുകളിൽ ഒരു എളുപ്പവഴി പ്രതീക്ഷിക്കേണ്ടതില്ല.

സാമ്പത്തിക പ്രയാസങ്ങളുടെ നാളുകൾ വരും അതുകൊണ്ട് ഇപ്പോൾ തന്നെ ലളിതമായി ജീവിക്കാൻ നാം അഭ്യസിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ആഡംബരമായി ജീവിക്കുന്ന പലർക്കും ഭാവി പ്രയാസമേറിയതാകും. മുൻകരുതൽ എന്ന നിലയിൽ പണസമ്പാദനത്തിന് കുറുക്കുവഴികൾ തേടരുത്. നിക്ഷേപങ്ങൾ ഒന്നും നിലനിൽക്കുന്നതല്ല. നമ്മുടെ വിശ്വാസം, ആശ്രയം കർത്താവിൽ മാത്രമായിരിക്കണം. നമ്മുടെ ദൈവം തീക്ഷ്ണതയുള്ള ദൈവമാണ്. അതുകൊണ്ട് സൃഷ്ടിക്കപ്പെട്ട ഒന്നിനേയും ആശ്രയിക്കാൻ അവിടുന്നു നമ്മെ അനുവദിക്കുകയില്ല. സാമ്പത്തിക വ്യവസ്ഥ തകരും. അതിനാൽ സമ്പത്തിൽ ആശ്രയം വച്ചിട്ടുള്ള എല്ലാവരും മൊത്തത്തിൽ കുലുങ്ങിപ്പോകും.

വരുംനാളുകളിൽ എല്ലാവരും സ്വന്തം സുരക്ഷിതത്വം അന്വേഷിക്കുമെന്നതിനാൽ സഹോദരൻ സഹോദരനെ ഒറ്റിക്കൊടുക്കുന്നത് നാം കാണുവാൻ പോകുകയാണ്. ഇത്തരം ചിലതു നാം ഇപ്പോൾ തന്നെ കാണുന്നുണ്ട്.

പ്രതികൂലങ്ങളിൽകൂടി കടന്നുപോകുന്ന പല വിശ്വാസികളും ഈ ദിവസങ്ങളിലൊന്നിൽ തങ്ങളുടെ ശോധനകൾ അവസാനിക്കുമെന്നാണു പ്രതീക്ഷിക്കുന്നത്. പക്ഷേ ആ ദിവസം വരുന്നത് യേശു വരുമ്പോൾ മാത്രമാണ്. അതിനു മുൻപല്ല.

നമ്മെ ആത്മീയമായി തോൽപ്പിക്കുവാൻ സാത്താനോ അവന്റെ മനുഷ്യ ഏജന്റുമാർക്കോ കഴിയുകയില്ല.

നാം നന്മ ചെയ്യുന്നതിൽ ഉത്സുകരാണെങ്കിൽ നമുക്കു ദോഷം ചെയ്യുവാൻ ആർക്കും കഴിയുകയില്ലെന്ന് 1 പത്രോസ് 3:13 പറയുന്നു. അതുകൊണ്ട് ഒന്നൊഴിയാതെ എല്ലാറ്റിനും ദൈവത്തിൽതന്നെ ആശ്രയിക്കാം. നമ്മെ വെറുക്കുന്നവരെ നമുക്കു സ്നേഹിക്കാം. ശപിക്കുന്നവരെ അനുഗ്രഹിക്കാം. നമ്മെ പീഡിപ്പിക്കുന്നവർക്കു ക്ഷമ ലഭിക്കാനായി അവരെ ഓർത്തു പ്രാർത്ഥിക്കാം. അപ്പോൾ നമുക്കു ദോഷം ചെയ്യുവാൻ ശത്രുവിനു കഴിയുകയില്ല.

ശേഷം 4-ാം പേജിൽ



# ബാലവേദി

## ക്യൂരിയോസിറ്റി



**ഒ**രു പേരിലെന്തിരിക്കുന്നു എന്ന് ചോദിക്കുന്നവരുണ്ടാകാം. എന്നാൽ, ഒരു പേരിൽ ഈ ലോകം തന്നെ ഇരിക്കുന്നു എന്നു പറയേണ്ടിവരും. നമുക്ക് ക്ലാരാ മായുടെ കാര്യമെടുക്കാം. 2008-ൽ അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസ ചൊവ്വയിലേക്ക് അയക്കുന്ന ഒരു പേടകത്തിന് പേര് നിർദേശിക്കാൻ ഒരു മത്സരം നടത്തുമ്പോൾ ക്ലാരാ മാ വിന് വെറും 12 വയസ്സ്.

അനന്താകാശത്തെയും ഗോളാന്തരയാത്രകളെയും സ്വപ്നം കണ്ടുനടക്കുന്ന ഒരു കൊച്ചുസുന്ദരി. അമേരിക്കയിലെ കൻസാസ് നഗരത്തിലെ ഒരു വിദ്യാലയത്തിൽ 6-ാം ക്ലാസ്സിൽ പഠിക്കുന്നു. അവൾ നാസയ്ക്കൊരു കത്തെഴുതി. അതിലവൾ ഇങ്ങനെ കുറിച്ചിട്ടു. 'ഏവരുടെയും മനസ്സിലെ എരിയുന്ന കെടാവിളക്കാണ് ജിജ്ഞാസ. ഓരോ ദിവസവും ഉന്മേഷഭരിതമാക്കുന്നത് അത് പകരുന്ന ഊർജമാണ്.' അതെ 'ജിജ്ഞാസ' അഥവാ 'ക്യൂരിയോസിറ്റി' അതായിരുന്നു ക്ലാര നിർദേശിച്ച പേര്.

ആയിരക്കണക്കിന് പേരുകളിൽനിന്ന് നാസ ആ പേര് തിരഞ്ഞെടുത്തു. നാസ അവളെ ചൊവ്വാപേടകത്തിന്റെ അണിയറയിലേക്ക് ക്ഷണിച്ചു. ആ പേടകത്തിന് ക്യൂരിയോസിറ്റി എന്ന് നാമകരണം ചെയ്തു. 2011 നവംബറിൽ അമേരിക്കയിലെ ഫ്ളോറിഡയിൽ നിന്ന് ഒരു പടുകൂറ്റൻ റോക്കറ്റിൽകയറി ക്യൂരിയോസിറ്റി ചൊവ്വയിലേക്ക് യാത്രതിരിക്കുമ്പോൾ അതിനകത്ത് ഈ കൊച്ചു പെൺകുട്ടിയുടെ കൈയൊപ്പുകൂടി ഉണ്ടായിരുന്നു. പ്രതീക്ഷിത ആയുസ്സായ രണ്ടുവർഷവും കഴിഞ്ഞ് ക്യൂരിയോസിറ്റി ഇപ്പോഴും ചിത്രങ്ങൾ അയച്ചുകൊണ്ടിരിക്കുന്നു.

പക്ഷേ, ക്ലാരാ മാ ഇന്നെവിടെ? അതന്വേഷിക്കുന്നത് രസകരമായിരിക്കും. ഇതിനിടെ അവൾ യേൽ സർവകലാശാലയിൽ നിന്ന് അസ്ട്രോ ഫിസിക്സ് ബിരുദം നേടികഴിഞ്ഞു. ലോകപ്രശസ്തമായ കേംബ്രിജ് സർവകലാശാലയിൽ ഭൗമാന്തരീക്ഷത്തിന്റെ പ്രത്യേകതകളെപ്പറ്റി പഠനം നടത്തുന്നു. പ്രപഞ്ചത്തിൽ ഭൂമിയെപ്പോലെ കോടിക്കണക്കിന് ഗ്രഹങ്ങളുണ്ടാകാമെന്ന് തന്നെയാണ് ക്ലാരാ മായുടെയും അഭിപ്രായം. പക്ഷേ, നമുക്ക് നമ്മുടെ സ്വന്തമെന്ന് പറയാൻ ഈ ഭൂമി മാത്രം. അതുകൊണ്ട് ഈ ഭൂമിയെ കൂടുതൽ സ്നേഹിക്കുക.

എന്താ കൂട്ടുകാരെ, പ്രതിഭാശാലിയായ ആ ചേച്ചിയുടെ വാക്കുകൾ നമുക്ക് ഊർജം പകരുന്നവയല്ലേ?

## ആർത്തിയും തൃപ്തിയും



**ഒ**രിക്കൽ മഹാബലിപുരം എന്ന രാജ്യത്തിന്റെ തലസ്ഥാന നഗരത്തിലൂടെ ഒരു സന്യാസി നടന്നുപോവുകയായിരുന്നു. വഴിയിൽ ഒരു സ്വർണനാണയം കിടക്കുന്നത് കണ്ട് അദ്ദേഹം അത് എടുത്തു. 'വളരെ ലളിതജീവിതം നയിക്കുന്ന എനിക്ക് എന്തിന് ഈ സ്വർണനാണയം. ഇത് ആവശ്യമുള്ള ആർക്കെങ്കിലും കൊടുക്കാം!', സന്ന്യാസി കരുതി. അദ്ദേഹം ആ നഗരം മുഴുവനും നടന്നിട്ടും നാണയം കൊടുക്കാൻ പറ്റിയ ആരെയും കാണാൻകഴിഞ്ഞില്ല. സന്തോഷവും സംതൃപ്തിയുമുള്ള ആൾക്കാരെയാണ് എവിടെയും അദ്ദേഹത്തിന് കാണാൻ കഴിഞ്ഞത്.

അന്ന് രാത്രി സന്ന്യാസി ഒരു സത്രത്തിൽ കഴിഞ്ഞു. പിറ്റേന്ന് രാവിലെ പ്രഭാതകൃത്യങ്ങൾ ചെയ്യുന്നതിനിടെ സന്ന്യാസി നഗരവീഥിയിൽ ഒരു ശബ്ദം കേട്ടു. അതാ രാജാവ് ഒരുപറ്റം സൈനികരുമായി വരുന്നു. സത്രത്തിൽ സന്ന്യാസി നിൽക്കുന്നത് കണ്ട് രാജാവ് അങ്ങോട്ട് ചെന്നു. സന്ന്യാസിയെ വണങ്ങിക്കൊണ്ട് അദ്ദേഹം പറഞ്ഞു: "എന്റെ രാജ്യം വിപുലപ്പെടുത്താനായി ഞാൻ അയൽരാജ്യം പിടിച്ചടക്കാൻ പോവുകയാണ്. ജയിച്ചുവരാൻ എന്നെ അനുഗ്രഹിച്ചാലും." ഇത് കേട്ട് സന്ന്യാസി അകത്തേക്ക് പോയി. തിരികെ വന്നത് തനിക്ക് കഴിഞ്ഞ ദിവസം വഴിയിൽ നിന്ന് കിട്ടിയ നാണയവുമായിട്ടാണ്. അത് രാജാവിന്റെ കൈയിൽ കൊടുത്തു. നാണയം വാങ്ങി രാജാവ് സന്ന്യാസിയുടെ മുഖത്തേക്ക് സംശയത്തോടെ നോക്കി. "എന്താണിതിന്റെ അർഥം? എനിക്ക് എന്തിനാണീ നാണയം?"

സന്ന്യാസി ഒന്ന് പുഞ്ചിരിച്ചിട്ട് പറഞ്ഞു: "എനിക്കിന്നലെ വഴിയിൽ നിന്ന് കിട്ടിയതാണിത്. ഞാനിതുമായി പട്ടണം മുഴുവൻ അലഞ്ഞു. ഈ നാണയം ആവശ്യമുള്ള ഒരാളെപ്പോലും കണ്ടില്ല. പലർക്കും ഇത് കൊടുക്കാൻ നോക്കി. അവരാരും ഇത് വാങ്ങിയില്ല. അവർ പറഞ്ഞത് തങ്ങളുടെ കൈയിലുള്ള കാശുകൊണ്ട് അവർ വളരെ സന്തോഷത്തോടെയാണ് ജീവിക്കുന്നത് എന്നാണ്. എല്ലാവരും സന്തുഷ്ടരാണ്. അതിനാൽ അവർക്കാർക്കും ഈ നാണയത്തിന്റെ ആവശ്യമില്ലത്രേ!", ഒന്ന് നിർത്തി സന്ന്യാസി തുടർന്നു: "ഇന്നിപ്പോൾ ഈ നാണയം ആവശ്യമുള്ള ഒരാളെ ഞാൻ കണ്ടെത്തിയിരിക്കുന്നു. ഇത്രയും വിസ്തൃതമായ രാജ്യമുണ്ടായിട്ടും അതിൽ തൃപ്തിയാവാതെ അയൽരാജ്യം കൂടി യുദ്ധം ചെയ്ത് വെട്ടിപ്പിടിക്കാൻ പോകുന്ന അങ്ങേക്കാണീ നാണയം അവകാശപ്പെട്ടത്." സന്ന്യാസിയുടെ വാക്കുകൾ കേട്ട് രാജാവ് തലകുനിച്ചു. തന്റെ തെറ്റ് മനസ്സിലാക്കിയ രാജാവ് സന്ന്യാസിയോട് മാപ്പു പറഞ്ഞ് മടങ്ങിപ്പോയി.

## മാന്ത്രിക വലയം



**മ**നുഷ്യരുടെ ഏറ്റവും അടിസ്ഥാനമായ കഴിവുകളിലൊന്നാണ് ഭാവന. വായിക്കുകയും കേൾക്കുകയും സംവദിക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ നിന്നും മനസിൽ ദൃശ്യങ്ങളും ആശയങ്ങളും സൃഷ്ടിച്ചെടുക്കാനുള്ള കഴിവാണിത്. എന്നാൽ അമിതമായി സ്ക്രീൻ കണ്ടുവളരുന്ന കുട്ടികൾക്ക് ഈ ഭാവനാശേഷി നഷ്ടമാകുന്നുവെന്നാണ് പഠനങ്ങളിൽ കണ്ടെത്തിയിരിക്കുന്നത്. സ്ക്രീനിൽ റെഡിമെയ്ഡായി കാണുന്ന ദൃശ്യങ്ങളല്ലാതെ ബാഹ്യലോകത്തെ യാതൊന്നും അവരിൽ താൽപര്യമുണ്ടാക്കില്ല.

മണിക്കൂറുകളോളം ഡിജിറ്റൽ സ്ക്രീൻ ഉപയോഗിക്കുന്ന കുട്ടികളുടെ തലച്ചോറിന്റെ വികാസവും വ്യക്തിത്വ വികാസവും ശരാശരിക്കു വളരെ താഴെയാണെന്നും പഠനങ്ങൾ പറയുന്നു. തീരെ ചെറിയ കുട്ടികളിലാകട്ടെ സെൽഫോണിൽ നിന്നുള്ള റേഡിയേഷനുകൾ എളുപ്പത്തിൽ എത്തിച്ചേരും. സ്മാർട്ട് ഫോണുകളിൽ നിന്നും മറ്റും വരുന്ന ഇലക്ട്രോ മാഗ്നറ്റിക് റേഡിയേഷൻ മുതിർന്നവരേക്കാൾ രണ്ടിരട്ടിയിലധികം വേഗത്തിൽ കുട്ടികളെ ബാധിക്കും. വലിയ അസുഖങ്ങൾക്കും ഇതു വഴി മാറിയേക്കാമെന്നും ശാസ്ത്രലോകം മുന്നറിയിപ്പു നൽകുന്നു.

കുട്ടികളെക്കുറിച്ചും സ്ക്രീനുകളിൽ അവർ ചെലവഴിക്കുന്ന സമയത്തെക്കുറിച്ചും സമീപകാലത്ത് നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. അവയിൽ മിക്കവയും പറയുന്നത് നിയന്ത്രണമില്ലാത്ത സ്ക്രീൻ ഉപയോഗത്തിന് വലിയ വില നൽകേണ്ടിവരുമെന്നാണ്. അസോസിയെഷൻ ഫോർ സൈക്കോളിക്കൽ സയൻസ് കഴിഞ്ഞ വർഷം നടത്തിയ പഠനത്തിൽ വിഷാദം, ആത്മഹത്യയെക്കുറിച്ച് ചിന്തിക്കൽ, ആത്മഹത്യാ ശ്രമം എന്നിവയുൾപ്പെടെയുള്ള നിരവധി പ്രശ്നങ്ങളാണ് കുട്ടികളിലെ സ്ക്രീൻ അഡിക്ഷൻ മൂലമുണ്ടാകുന്നത്.

യു.കെ.യിലെ റോയൽ കോളജ് പ്രസിദ്ധീകരിച്ച ജേർണലിൽ സ്ക്രീൻ അഡിക്ഷൻ കൂടുതലായുള്ള കുട്ടികൾക്ക് വിഷാദം, കോപം, വൈകാരിക അസ്ഥിരത എന്നീ പ്രശ്നങ്ങൾ വളരെ കൂടുതലാണെന്നു പറയുന്നു.

## ദീർഘദൃഷ്ടി



**മു**ല്ല നസറുദ്ദീൻ ഒരു വിവാഹസദ്യയ്ക്ക് ക്ഷണിക്കപ്പെട്ടു. അതിന് മുൻപത്തെ തവണ ആ വീട്ടിൽവെച്ച് മുല്ലയുടെ ചെരിപ്പ് കളവു പോയിരുന്നു. ഇത്തവണ ചെരിപ്പ് വാതിൽക്കൽ വെക്കുന്നതിനുപകരം അദ്ദേഹം അത് പൊതിഞ്ഞ് കീശയിൽ കുത്തിത്തിരുകകയാണ് ചെയ്തത്.

വീട്ടുകാരൻ ചോദിച്ചു:

"നിങ്ങളുടെ കീശയിൽ കാണുന്നത് എന്ത് പുസ്തകമാണ്?"

"ഈ മുഴച്ച് കാണുന്നതിനകത്തെ വിഷയം 'ദീർഘദൃഷ്ടി'യാണ്", മുല്ല പറഞ്ഞു.

"ഏത് പുസ്തകവ്യാരിയിൽ നിന്നാണത് വാങ്ങിയത്?"

"നേര് പറഞ്ഞാൽ, ഇത് വാങ്ങിയത് ചെരിപ്പുകുത്തിയിൽ നിന്നാണ്."

## ബോധം



**ക**ള്ളുകുടിച്ച് വഴക്കുണ്ടാക്കി ആസ്പത്രിയിലാക്കിയ ഒരാൾക്ക് നല്ല മുറിവുണ്ട്. ബോധം കെടുത്തണമെന്ന് ഡോക്ടർ പറയുന്നതുകേട്ട്

നമ്പൂതിരി: "അതിനി വേണോ?"

ഡോക്ടർ: "അതെന്താ?"

നമ്പൂതിരി: "അല്ലാ.... ബോധണ്ടായിരുന്നൂച്ചാ ഇങ്ങനെയൊന്നും വരില്ലാലോ."



# മാതൃകാപരമായ നേതൃത്വം



## ജീവസന്ദേശം

ടി.എം. വർഗ്ഗീസ് ഓതറ

പുരാതന റോമൻ റിപ്പബ്ലിക്കിനെതിരെ മൂന്ന് അടിമ വിപ്ലവങ്ങൾ നടന്നിട്ടുണ്ട്. റോമിലെ പയറ്റുകാരുടെ (ഗ്ലാഡിയേറ്റർ) ഗണത്തിൽപ്പെട്ട സ്പാർട്ടക്കസ് ആയിരുന്നു മൂന്നാം അടിമവിപ്ലവത്തിന്റെ നേതാവ്. ഇറ്റലിയുടെ തെക്കുഭാഗത്തുള്ള കമ്പാനിയായിൽ അടിമയായി കഴിയുമ്പോഴാണു സ്പാർട്ടക്കസ് വിപ്ലവത്തിനു നേതൃത്വം നൽകിയത്. എഴുത്തും വായനയും അറിയാത്ത ആളായിരുന്നു സ്പാർട്ടക്കസ്. എന്നാൽ, അടിമത്തം തെറ്റാണെന്നു സ്പാർട്ടക്കസിന് അറിയാമായിരുന്നു. തന്മൂലം, ഒരു അവസരം പാർത്തിരുന്ന സ്പാർട്ടക്കസ് വിപ്ലവത്തിനു നേതൃത്വം നൽകി.

സ്പാർട്ടക്കസിന്റെ നേതൃത്വത്തിൽ വിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ തെക്കേ ഇറ്റലിയിലെ കൃഷിസ്ഥലങ്ങളിൽ ജോലി ചെയ്തിരുന്ന അടിമകൾ അദ്ദേഹത്തിനൊപ്പം കൂടി. ഒരവസരത്തിൽ അദ്ദേഹത്തിന്റെ കീഴിൽ എഴുപതിനായിരത്തിലേറെപ്പേർ റോമൻ പടയാളികൾക്കെതിരെ യുദ്ധം ചെയ്യുവാൻ മുന്നണിയിലുണ്ടായിരുന്നു. സ്പാർട്ടക്കസിന്റെ നേതൃത്വത്തിൽ വിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ അതൊരു നിയമപാലനപ്രശ്നമായിട്ടായിരുന്നു റോമൻ ഭരണാധികാരികൾ ആദ്യം കണ്ടത്. എന്നാൽ, റോമൻ പടയാളികളെ സ്പാർട്ടക്കസും കൂട്ടരും പലതവണ പരാജയപ്പെടുത്തിയപ്പോൾ റോമൻ റിപ്പബ്ലിക്കിന്റെ ഭരണാധികാരികൾ ഉണർന്നു. അങ്ങനെയാണ് അന്നത്തെ കാലത്തു റോമിലെ ഏറ്റവും വലിയ ധനികനും തന്ത്രശാലിയുമായിരുന്ന മാർക്കൂസ് ക്രാസൂസ് അടിമവിപ്ലവം അടിച്ചമർത്തുവാനുള്ള ചുമതല ഏറ്റെടുത്തത്. നാല്പതിനായിരം പടയാളികൾക്കു മികച്ച പരിശീലനം നൽകി സ്പാർട്ടക്കസിനെതിരേ അദ്ദേഹം യുദ്ധതന്ത്രം മെനഞ്ഞു. അതിനിടയിൽ, സ്പാർട്ടക്കസിനെ സഹായിക്കാമെന്നു വാഗ്ദാനം ചെയ്തിരുന്ന സിസിലിയൻ കപ്പൽകൊള്ളക്കാർക്കു കൈക്കൂലി നൽകി സ്പാർട്ടക്കസിന്റെ ഒരു ചിറകൊടിച്ചു.



സിസിലിയൻ കപ്പൽകൊള്ളക്കാരുടെ സഹായം ലഭിച്ചില്ലെങ്കിലും റോമൻ പടയാളികൾക്കു കീഴടങ്ങുവാൻ സ്പാർട്ടക്കസും കൂട്ടരും തയാറായില്ല. അവർ ക്രാസൂസിന്റെ പടയാളികൾക്കെതിരേ സുധീരം പോരാടി. ചരിത്രകാരനായ പ്ലൂട്ടാർക്ക് പറയുന്നതനുസരിച്ചു സ്പാർട്ടക്കസ് യുദ്ധത്തിൽ വീരചരമം പ്രാപിച്ചു. എന്നാൽ, അദ്ദേഹത്തിന്റെ മൃതശരീരം കണ്ടെത്താനായില്ലത്രേ. അന്നു യുദ്ധത്തിൽ പിടിക്കപ്പെട്ടത് ആറായിരത്തിലധികം വരുന്ന സ്പാർട്ടക്കസിന്റെ പോരാളികളായിരുന്നു. അവരെയെല്ലാവരെയും റോം മുതൽ കാപ്പുവ വരെയുള്ള പ്രസിദ്ധമായ 'ആപ്പിയൻ വഴി'യിൽ നിഷ്കരുണം കുരിശിലേറ്റി വധിക്കുകയുണ്ടായി. സ്പാർട്ടക്കസ് യഥാർഥത്തിൽ ആരാണെന്നു ക്രാസൂസിനോ, റോമൻ പടയാളികൾക്കോ അറിയില്ലായിരുന്നു. തന്മൂലം, തടവിലാക്കപ്പെട്ട പടയാളികളെ സമീപിച്ചു ക്രാസൂസ് ചോദിച്ചു: "ആരാണു സ്പാർട്ടക്കസ്?"

സ്പാർട്ടക്കസിനെ തെരയുന്നത് അദ്ദേഹത്തെ ക്രൂരമായി ശിക്ഷിക്കുവാനാണെന്നു മനസിലാക്കിയ തടവുകാർ ഓരോരുത്തരും കൈപൊക്കിക്കൊണ്ടു പറഞ്ഞു: "ഞാനാണു സ്പാർട്ടക്കസ്!" ആയിരക്കണക്കിനു കണ്ഠങ്ങളിൽ നിന്നു "ഞാനാണു സ്പാർട്ടക്കസ്" എന്ന സ്വരം ഉയർന്നപ്പോൾ അവരെയെല്ലാവരെയും കുരിശിലേറ്റുവാനാണു ക്രാസൂസ് വിധിച്ചത്.

സ്പാർട്ടക്കസ് ജീവിച്ചതു തനിക്കുവേണ്ടിയും തന്റെ പ്രതാപത്തിനു വേണ്ടിയുമായിരുന്നില്ല. പ്രത്യുത മറ്റുള്ളവർക്കുവേണ്ടിയും അവരുടെ നന്മ ഉറപ്പുവരുത്തുവാനുമായിരുന്നു. തന്മൂലമാണ്, അദ്ദേഹത്തിന്റെ പോരാളികൾ മുഴുവനും അദ്ദേഹത്തിനുവേണ്ടി മരിക്കുവാൻ സന്നദ്ധമായത്. നാമെല്ലാവരും തന്നെ ഏതെങ്കിലും രീതിയിൽ നേതൃസ്ഥാനത്തു പ്രവർത്തിക്കുന്നവരാണ്. അതു സമൂഹത്തിലോ സ്ഥാപനത്തിലോ സംഘടനയിലോ കുടുംബത്തിലോ മറ്റു ചെറിയ ഗ്രൂപ്പുകളിലോ ഒക്കെയാവാം. കുടുംബത്തിലെ കാര്യമെടുത്താൽപ്പോലും മാതാവും പിതാവും ഏതെങ്കിലും കാര്യത്തിനു നേതൃത്വം നൽകുന്നതായി കാണുവാൻ സാധിക്കും. നമ്മുടെ നേതൃസ്ഥാനം വലുതോ ചെറുതോ ആകട്ടെ. നാം കൊടുക്കുന്ന നേതൃത്വം എങ്ങനെയുള്ളതാണെന്നതാണു പ്രധാനപ്പെട്ട കാര്യം.

നാം നമ്മുടെ നേതൃസ്ഥാനം വിനിയോഗിക്കുന്നതു നമ്മുടെ സുഖത്തിനും സന്തോഷത്തിനും വേണ്ടി മാത്രമാണോ? അങ്ങനെയെങ്കിൽ നാം നേതൃസ്ഥാനത്തിന് അർഹരല്ലെന്നതാണു വാസ്തവം.

ഒരു നേതാവിന്റെ ഏറ്റവും വലിയ പ്രത്യേകത അവൻ മറ്റുള്ളവരെ സ്നേഹിക്കുന്നവൻ ആയിരിക്കും എന്നുള്ളതാണ്. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നതാണ് യേശുക്രിസ്തുവിന്റെ ഏറ്റവും വലിയ കല്പന.

യേശുക്രിസ്തു സ്വന്തം ജീവിതത്തിലൂടെ വെളിപ്പെടുത്തിയ നേതൃത്വത്തിന്റെ നല്ല മാതൃകകളാണ് ഇന്നു നാം അനുകരിക്കേണ്ടത്.

യേശു താഴ്മയുള്ളവനായിരുന്നു: അവൻ തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകി. തെറ്റിപ്പോകുന്ന ഒരു വ്യക്തിയെ യേശു താങ്ങുന്നു. അവനെ സ്നേഹിക്കുന്നു, ബലപ്പെടുത്തുന്നു. അവനെ തള്ളിക്കളയുന്നില്ല. തന്റെ ശിഷ്യനായ പത്രോസിനോട് യേശു ഇടപെട്ടത് അപ്രകാരമായിരുന്നു.

യേശു കുഷ്ഠരോഗികളെ തൊട്ടു: കുഷ്ഠരോഗി എന്നു പറഞ്ഞാൽ തന്നെ സമൂഹത്തിൽ വെറുക്കപ്പെട്ടവനായിരുന്നു. അവനു വഴിയെ നടക്കണമെങ്കിൽപ്പോലും ഞാൻ കുഷ്ഠരോഗിയാണേ വഴിമാറിപ്പോണേ എന്നു വിളിച്ചു പറയണമായിരുന്നു. ആരും ആ വ്യക്തിയെ അടുപ്പിക്കുകയോ അവനോട് സംസാരിക്കുകയോ ചെയ്യുമായിരുന്നില്ല. എന്നാൽ യേശു സമൂഹത്തിൽ വെറുക്കപ്പെട്ടവരെയും, തള്ളപ്പെട്ടവരെയും ചേർത്തുനിർത്തി ആശ്വസിപ്പിക്കുന്നതായി നാം കാണുന്നു.

യേശു മറ്റുള്ളവരുടെ വേദനയിൽ കരയുന്നു: ലാസറിന്റെ മരണത്തിൽ മാർത്തയും മറിയയും നിലവിളിക്കുകയാണ്. ആ ദുഃഖം കണ്ടപ്പോൾ യേശു അവരോടു ചേർന്നു കരഞ്ഞു എന്ന് നാം വേദപുസ്തകത്തിൽ വായിക്കുന്നു. ദുഃഖിക്കുന്നവരോടുകൂടെ ദുഃഖം പങ്കുവയ്ക്കുന്നത് സ്നേഹത്തിന്റെ പ്രതിഫലനമാണ്.

തന്നെ മനഃപൂർവ്വമായി ഉപദ്രവിക്കുന്നവരെയും യേശു സ്നേഹിക്കുന്നു: ഉദാഹരണമായി, യേശുവിനെ ഒറ്റിക്കൊടുത്ത ഇസ്കര്യോത്ത യൂദയെപ്പോലും അവസാനം വരെ യേശു സ്നേഹിച്ചു. തെറ്റുകൾ പൊറുക്കുവാനും ദ്രോഹിക്കുന്നവരെ സ്നേഹിക്കുവാനും ശപിക്കുന്നവരെ അനുഗ്രഹിക്കുവാനും യേശു നമ്മെ പഠിപ്പിച്ചു.

രണ്ടു കള്ളന്മാരുടെ നടുവിലായാണ് നിരപരാധിയായ യേശുവിനെയും ക്രൂശിച്ചത്. ഈ സമയം കള്ളന്മാരും കടന്നുപോകുന്ന ജനങ്ങളും യേശുവിനെ പരിഹസിച്ചു. ഇതുവരെയും നീ എല്ലാവരെയും രക്ഷിച്ചില്ലേ, നീ നിന്നെത്തന്നെ രക്ഷിക്കുന്നത് ഞങ്ങളൊന്നു കാണട്ടെ. നീ ദൈവപുത്രനെങ്കിൽ ഇറങ്ങി വാ... ഇതുകേട്ട കർത്താവിന്റെ മൊഴികൾ ശ്രദ്ധിക്കുക, പിതാവേ ഇവർ ചെയ്യുന്നത് എന്തെന്നു ഇവർക്കു അറിയാൻ പാടില്ല. ദയ കാണിച്ച് അവരോട് ക്ഷമിക്കണമേ.

തന്നെ കൈവിട്ടവരെ തിരിച്ചു സ്വീകരിക്കുന്നു: പടയാളികൾ യേശുവിനെ പിടികൂടി വിചാരണയ്ക്കു കൊണ്ടുപോകുന്ന സമയത്ത് ശിഷ്യന്മാരെല്ലാം അവനെ കൈവിട്ടു. പിൻതുടർന്ന പത്രോസ് പോലും ഒടുവിൽ തള്ളിപ്പറഞ്ഞു. എന്നാൽ യേശു അവരെ കൈവിട്ടില്ല. ഉയിർത്തെഴുന്നേറ്റശേഷം യേശു അവരെ അന്വേഷിച്ചു ചെല്ലുന്നു.

യേശുവിനെപ്പോലെ ഒരു നല്ല നേതാവിനെ നമുക്ക് മറ്റൊരിടത്തും കണ്ടെത്തുവാൻ കഴിയില്ല. നേതൃത്വത്തിന്റെ നല്ല മാതൃകയാണ് യേശു നമുക്ക് കാണിച്ചുതന്നത്. നല്ല നായകനായ ഈ യേശുവിനെ അനുകരിക്കുകയും, അനുഗമിക്കുകയും ചെയ്യുന്നുവെങ്കിൽ നാം വിജയകരമായ ജീവിതത്തിന് ഉടമകളായി തീരും.



## തോൽപ്പിക്കാനാവില്ല



2-ാം പേജ് തുടർച്ച

സാത്താനും അവന്റെ ഏജന്റുമാരും നമ്മെ വഞ്ചിക്കുകയും ഉപദ്രവിക്കുകയും, ശല്യപ്പെടുത്തുകയും, കൊള്ളയടിക്കുകയും, മുറിവേല്പിക്കുകയും, തടവിലാക്കുകയും ഒരുപക്ഷേ നമ്മെ കൊല്ലുകയും ചെയ്തേക്കാം. പക്ഷേ അകത്തെ മനുഷ്യന്, ദൈവിക ജീവന് എതിരായി ദോഷം ചെയ്യുവാൻ അവർക്കാർക്കും കഴിയുകയില്ല.

ദൈവം ഇപ്പോഴും എന്നും തന്റെ സിംഹാസനത്തിൽ ഉണ്ട്. സ്വർഗ്ഗത്തിലും ഭൂമിയിലും എല്ലാ അധികാരവും അവിടുത്തേക്കു നൽകപ്പെട്ടിരിക്കുന്നു. കാൽവറിയിലെ ക്രൂശിൽ ഒരിക്കലായി എന്നേക്കും സാത്താൻ തോല്പിക്കപ്പെട്ടുമിരിക്കുന്നു. ഇനി നമ്മിലൂടെ ഒരു പരാജയം ഏറ്റുവാങ്ങേണ്ട ആവശ്യം സാത്താനില്ല. സാത്താൻ ക്രൂശിൽ തോൽപിക്കപ്പെട്ടുവെന്നും അവനു നമ്മുടെ മേൽ ഇനി ഒരധികാരവുമില്ലെന്നും നാം ഹൃദയത്തിൽ വിശ്വസിക്കുകയും നാവുകൊണ്ട് ഏറ്റുപറയുകയും ചെയ്താൽ സാത്താനു നമ്മെ നിരാശപ്പെടുത്താനോ, തളർത്താനോ, ഭയപ്പെടുത്താനോ കഴിയുകയില്ല. നമ്മുടെ സാക്ഷ്യവചനം ഹേതുവായി നമുക്ക് സാത്താനെ ജയിക്കാൻ കഴിയും (വെളി.12:11). ഒരു കോഴിക്കുഞ്ഞ് തള്ളക്കോഴിയുടെ ചിറകിൻകീഴിൽ അതിവേഗം അഭയം പ്രാപിക്കുന്നതുപോലെ പരീക്ഷകൻ ശല്യപ്പെടുത്തുമ്പോൾ യേശുക്രിസ്തുവിന്റെ സംരക്ഷണത്തിലേക്ക് പൊടുന്നനെ വരിക. അവിടുന്നു സൂര്യൻ മാത്രമല്ല, പരിചയുമാണ്. "കർത്താവിന്റെ നാമം ബലമുള്ള ഗോപുരമാണ്. നീതിമാന്മാർ അതിൽക്കടന്നു സുരക്ഷിതരായിരിക്കും." "യുദ്ധദിവസത്തിൽ അവൻ നിന്റെ ശിരസ്സിനെ സംരക്ഷിക്കും" (സങ്കീ.84:11; സദൃ.18:10; സങ്കീ.140:7).

ആക്രമണം ഇടിവെട്ടുപോലെ അപ്രതീക്ഷിതമായി വരുമ്പോൾ പരിശുദ്ധാത്മാവ് മിന്നൽപോലെ മുന്നറിയിപ്പു നൽകും "ശ്രദ്ധിക്കുക, ശ്രദ്ധിക്കുക! "പ്രത്യാശയുടെ തടവുകാരാ, നിന്റെ കോട്ടയിലേക്കു കടന്നുകൊള്ളുക" (സെഖ.10:12).

നിങ്ങളുടെ ശക്തിക്കു മീതെ നിങ്ങൾ പരീക്ഷിക്കപ്പെടുകയില്ലെന്ന കാര്യത്തിൽ ഉറയ്ക്കുക. നിങ്ങളിൽ തന്നെ ശക്തിയില്ലെങ്കിൽ നിങ്ങളെ ശക്തനാക്കുന്ന ക്രിസ്തു മുഖാന്തിരം നിങ്ങൾക്ക് എല്ലാം സാധ്യമാണ്. കർത്താവായ യേശു നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുന്നു. അവിടുന്നു നിങ്ങളെ വീഴാതെ സൂക്ഷിക്കുമെന്നു വിശ്വസിക്കുക. "കർത്താവാണു നിന്റെ സൂക്ഷിപ്പുകാരൻ" "നിന്റെ കാൽവഴുതുവാൻ അവിടുന്നു സമ്മതിക്കുകയില്ല." "വേട്ടക്കാരന്റെ കെണിയിൽ നിന്ന് അവിടുന്ന് തീർച്ചയായും നിങ്ങളെ വിടുവിക്കും" (സങ്കീ.121:5,3, 101:3).

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598




# മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?



ശാസ്ത്രപഠനപരമ്പര –5


**ചോദ്യങ്ങൾക്കും വിമർശനങ്ങൾക്കും ടൈറ്റസ് കാർത്തികപ്പള്ളി മറുപടി നൽകുന്നു**

**ജീ**വൻ എന്ന പ്രതിഭാസം അഥവാ സ്വഭാവവിശേഷം രൂപീകൃതമാകുന്നതിന് വേണ്ടുന്ന അടിസ്ഥാനഘടകം പ്രവർത്തരഹിതമെങ്കിൽ തന്നെയും മരണശേഷവും നശിക്കാതെ അവശേഷിക്കുന്നു. സാഹചര്യങ്ങൾ അനുകൂലമായാൽ സ്വയം വികസിക്കാനുള്ള ശേഷി (പ്രത്യുല്പാദനപരമായി) ഇവയ്ക്കുണ്ട് അല്ലെങ്കിൽ കൈവരിക്കും എന്ന് ശാസ്ത്രം പറയുന്നു. വിഘടിച്ചു വികസിക്കുവാൻ വേണ്ടി ചുറ്റുപാടുകളെ പ്രയോജനപ്പെടുത്തുവാനും ഇവയ്ക്കു കഴിവുണ്ട്. (The science of life P. 176)... ന്യൂക്ലിയോ പ്രോട്ടീന്റെ സഹായത്തോടെ ജീൻസ് പ്രവർത്തനനിരതമായാൽ ജീവൻ കൈവരിക്കാം എന്ന് ശാസ്ത്രവും പറയുന്നു. (Beyond Biocentrism Page 534 Quantum Death p.164)





ഭൗതിക ശരീരത്തിന്റെ അടിസ്ഥാനഘടകം മരണശേഷവും നിലനിൽക്കുന്നുവെന്നും (Anthropic Cosmological Principle -Oxford University )... സാഹചര്യങ്ങൾ അനുകൂലമായാൽ പ്രസ്തുത ശേഷിപ്പുകൾ അഥവാ അടിസ്ഥാനഘടകം സജീവമാകുകയും ശരീരം പുനരുദ്ധരിക്കപ്പെടുകയും ചെയ്യുമെന്ന് പറയുമ്പോൾ അതിനെ ചോദ്യം ചെയ്ത്-അന്ധവിശ്വാസമെന്ന് പറഞ്ഞ് അധിക്ഷേപിക്കുന്നവർക്ക് യുക്തിയുമില്ല, ആധുനിക ശാസ്ത്രത്തിൽ അറിവുമില്ല.

ലളിതമായ ഒരു ചോദ്യം ഇവിടെ അവശേഷിക്കുന്നു. അതായത്, മനുഷ്യശരീരത്തിന്റെ അടിസ്ഥാന ഘടകത്തിൽ നിന്ന് മനുഷ്യനെ മുളപ്പിച്ചുണ്ടാക്കുവാൻ ശ്രമിക്കുന്ന ശാസ്ത്രത്തിന് സാഹചര്യങ്ങൾ അനുകൂലമായാൽ നശിക്കാതെ ശേഷിക്കുന്ന ഭൗതിക ശരീരഘടകത്തിൽ നിന്ന് മനുഷ്യൻ ഉയിർക്കൊള്ളില്ലെന്ന് എങ്ങനെ പറയാൻ കഴിയും? അതും പരിണാമ ദിശയിൽ യുഗങ്ങളേറെ താണ്ടിക്കടന്നപ്പോൾ അനുകൂലമായ ഒരനർഘ നിമിഷത്തിൽ ജീവന്റെ നാമ്പ് തനിയെ വിരിഞ്ഞ് ഉയർന്നു എന്ന് വിശ്വസിക്കുന്നവർക്ക്?





ബൈബിൾ പറയുന്നത് ശ്രദ്ധിക്കുക: ....മൃതന്മാർ ജീവിക്കും... ശവങ്ങൾ എഴുന്നേൽക്കും ....ഭൂമി പ്രേതന്മാരെ പ്രസവിക്കുമല്ലോ... ഹതന്മാരെ ഇനി മൂടിവയ്ക്കുകയുമില്ല. (യെശയ്യാവ് 26:19-21; സങ്കീർത്തനം 90:3; യോഹന്നാൻ 5:28; വെളിപ്പാട് 20:13) ഇവിടെ മൂടിവച്ചിരിക്കുന്നത് പുറത്തുവരും എന്ന പ്രസ്താവനയും, ഏല്പിച്ചുകൊടുത്തു, ഭൂമി പ്രേതന്മാരെ പ്രസവിക്കും തുടങ്ങിയുള്ള പരാമർശങ്ങളും പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്. ഭൂമിക്കുവരുന്ന അത്ഭുതകരമായ മാറ്റം അതായത് ഭൂമി ഗർഭപാത്രംപോലെ ആയിത്തീരുന്ന ഒരവസ്ഥാവിശേഷം ഇവിടെ ദൃശ്യമാണ്. ഇതോടനുബന്ധിച്ച് ബൈബിളിലെ 1 കൊരിന്ത്യർ 15:35-41 വരെയുള്ള വാക്യങ്ങൾ പഠനവിധേയമാക്കേണ്ടതുണ്ട്. പ്രത്യേകിച്ച് വിത്തും ശരീരവും എന്ന പരാമർശം. അകൃത്യഭാരം ചുമക്കുന്ന-വ്യക്തിത്വം വെളിപ്പെടുത്തുന്ന-നശിക്കാതെ അവശേഷിക്കുന്ന അടിസ്ഥാന ഘടകത്തെക്കുറിച്ചുള്ള പരാമർശമാണിത്. തീർച്ചയായും പ്രസ്തുത ഘടകത്തെ വിത്തിനോടുപമിക്കുന്നതിൽ യാതൊരു തെറ്റുമില്ല.

ഗർഭപാത്രത്തിൽ ഏക കോശത്തിൽ നിന്ന് ശരീരം രൂപം കൊള്ളുന്നതുപോലെ ഒരു പ്രത്യേക സാഹചര്യത്തിൽ (ദൈവത്തിന്റെ ആഹ്വാനത്തിങ്കൽ സങ്കീർത്തനം 90:3) ഭൂമി ഗർഭപാത്രം പോലെയാവുകയും വിത്തിൽനിന്നെന്നപോലെ ശേഷിപ്പുകളിൽനിന്ന് ശരീരം പുനരുദ്ധരിക്കപ്പെടുകയും ചെയ്യും എന്ന വസ്തുതയാണ് ഈ ഭാഗത്തുനിന്നും മനസ്സിലാക്കുവാൻ കഴിയുന്നത്.




മരണാനന്തരം മനുഷ്യന്റെ വ്യക്തിത്വം നിലനിൽക്കും എന്നിരിക്കെ... ദൈവം മരിച്ചവരെ ഉയിർപ്പിക്കുന്നത് വിശ്വാസയോഗ്യമല്ല എന്ന് നിങ്ങൾക്ക് തോന്നുന്നതെന്ത്? (അപ്പോസ്തലപ്രവൃത്തികൾ 26:8) ...ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു നന്മചെയ്തവർ ജീവനായും തിന്മചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു. (യോഹന്നാൻ 5:29) അതെ ...ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും (1 കൊരിന്ത്യർ 15:22) ...നിലത്തെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും, ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും ഉണരും (ദാനിയേൽ 12:2).

മരണാനന്തര ജീവിതത്തിൽ ഒരു മനുഷ്യൻ ഭൂമിയിൽ ചെയ്ത നന്മതിന്മകൾ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെട്ടുവരും എന്ന് ബൈബിൾ പഠിപ്പിക്കുന്നുണ്ട്. ഇതൊരു തമാശയായി ബുദ്ധിജീവികൾ കാണുന്നുണ്ടെങ്കിലും ശാസ്ത്രീയമായ ഒരടിസ്ഥാനം ഇതിനുണ്ട് എന്ന് ജിനോം റീഡിങ്ങിലൂടെ ശാസ്ത്രം തെളിയിക്കപ്പെട്ടിരിക്കുന്നു.



ഹാൻസ് വിങ്ക്ലർ എന്ന ജർമൻ ഗവേഷകനാണ് ജീനോം എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത്. 1920-ലായിരുന്നു ഇത്. എന്നാൽ ഒരു ബാക്ടീരിയയുടെയെങ്കിലും ജീനോം രഹസ്യങ്ങളുടെ ചുരുളഴിക്കാൻ പിന്നെയും 75 വർഷം വേണ്ടിവന്നു.


ഇതിനിടയിൽ വലിയൊരു ഗവേഷണപദ്ധതി അണിയറയിൽ ഒരുങ്ങുന്നുണ്ടായിരുന്നു. അമേരിക്കൻ ഗവൺമെന്റിന്റെ സമ്മതത്തോടെ 1990-ൽ തുടങ്ങിയ ആ പദ്ധതിയുടെ ലക്ഷ്യം മറ്റൊന്നുമായിരുന്നില്ല; മനുഷ്യന്റെ ജീനോം പൂർണമായി വായിച്ചെടുക്കുക! മനുഷ്യന്റെ ജനിതകരഹസ്യങ്ങളുടെ താക്കോൽ തേടിയുള്ള ആ പദ്ധതിക്ക് ഹ്യൂമൻ ജീനോം പ്രോജക്റ്റ് (Human Genome Project) എന്നായിരുന്നു പേര്.

മനുഷ്യന്റെ ജീനോമിലുള്ള കോടിക്കണക്കിന് ബേസ് ജോഡികൾ എങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നത്, മനുഷ്യന്റെ സ്വഭാവം എങ്ങനെയാണ് അത് ഉൾക്കൊണ്ടിരിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കുക എന്നതായിരുന്നു 1990-ൽ ആരംഭിച്ച ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഡി.എൻ.എ.യുടെ പിരിയൻ ഘടന കണ്ടെത്തിയ ജയിംസ് വാട്സൺ ഡയറക്ടറായുള്ള ടീമാണ് പ്രവർത്തനം തുടങ്ങിയത്. തുടർന്ന് ഫ്രാൻസിസ് കോളിൻസിന്റെ നേതൃത്വത്തിലാണ് പ്രോജക്റ്റ് മുന്നോട്ടു പോയത്. (തുടരും)

---



## 4 എന്തുകൊണ്ടു വിശ്വസിക്കുന്നു?



**ഈ** പ്രവചനം നിറവേറിയശേഷം യിരെമ്യാവിന്റെ പുസ്തകത്തിൽ ആരെങ്കിലും ഇത് എഴുതിച്ചേർത്തതാകാം എന്ന സംശയത്തിനും സാധ്യതയില്ല. കാരണം ബി.സി.626 ലാണു യിരെമ്യാവ് പ്രവാചകവൃത്തി ആരംഭിക്കുന്നത്. ഈ പ്രവചനമാകട്ടെ പൂർണ്ണമായി നിറവേറിയത് എ.ഡി. നാലാം നൂറ്റാണ്ടിലാണ്. അതിനും എത്രയോ മുൻപുതന്നെ പഴയനിയമം മുഴുവനും പൂർത്തിയാകുകയും ഗ്രീക്കിലേക്കു വിവർത്തനം ചെയ്യപ്പെടുകയും ഉണ്ടായി! പ്രവചനം നിറവേറിക്കഴിഞ്ഞ് ഗ്രീക്കിലേക്ക് അതിനകം വിവർത്തനം ചെയ്യപ്പെട്ടുകഴിഞ്ഞ ഒരു ഗ്രന്ഥത്തിന്റെ മൂലഭാഷയിൽ ഈ പ്രവചനം എഴുതിച്ചേർക്കുവാൻ ഏതായാലും കഴിയുകയില്ലല്ലോ!

ബാബിലോൺ നഗരത്തെക്കുറിച്ചുള്ള മറ്റൊരു പ്രവചനം നോക്കുക: "കർത്താവിന്റെ ക്രോധം നിപതിച്ചതിനാൽ അവിടെ ആരും വസിക്കുകയില്ല. അത് തീർത്തും ശൂന്യമാകും... അവിടെ ആരും ഒരിക്കലും വസിക്കയില്ല" (യിരെ.50:13-39). ഈ പ്രവചനം അക്ഷരപ്രകാരം നിറവേറി. ബാബിലോൺ നഗരം നിലനിന്നിരുന്ന സ്ഥലം ഇന്ന് ശൂന്യാവശിഷ്ടങ്ങൾ ഉള്ള വിജനമായ ഒരു ഭൂമിയാണ്. കുറുക്കനും, അണലിയും, ചിലന്തിയും മണൽക്കൂനകൾക്കിടയിലൂടെ അലഞ്ഞു നടക്കുന്നു. പുരാവസ്തു ഗവേഷകർ ഇവിടെ പഴയ ബാബിലോൺ നഗരം നിന്ന സ്ഥലമാണെന്നു സാക്ഷ്യപ്പെടുത്തുന്നു. ഒരിക്കൽ ഇവിടെ ജനവാസമുണ്ടായിരുന്നു എന്നതിന്റെ ഏക തെളിവ് അങ്ങിങ്ങു ചിതറിക്കിടക്കുന്ന നഷ്ടാവശിഷ്ടങ്ങളാണ്. ഫലഭൂയിഷ്ടമായ സ്ഥലങ്ങളുടെ മധ്യത്തിൽ ഈ നഗരം നിന്ന സ്ഥലം മാത്രം ഇന്ന് ഊഷരമായ ഒരു മരുഭൂമിയായി കിടക്കുന്നതെന്തുകൊണ്ട്?

അതിനു കാരണം ഒന്നേയുള്ളു-'അവിടെ ആരും വസിക്കുകയില്ല. അതു തീർത്തും ശൂന്യമാകും' എന്ന ദൈവത്തിന്റെ വിധിത്തീർപ്പ്.

"അവിടെ ആരും ഒരിക്കലും വസിക്കുകയില്ല" എന്നു പ്രവാചകൻ പ്രസ്താവിച്ചല്ലോ (50:39). പക്ഷേ, ഇതിനു വിരുദ്ധമായി, നശിപ്പിക്കപ്പെട്ട ബാബിലോൺ നഗരം പുനഃസൃഷ്ടിക്കുവാനും അവിടം തന്റെ തലസ്ഥാനനഗരമാക്കി തീർക്കുവാനും ലോകം കണ്ട ഏറ്റവും ശക്തനായ ചക്രവർത്തി ഒരിക്കൽ തീരുമാനിച്ചു. മറ്റാരുമല്ല, മഹാനായ അലക്സാണ്ടറായിരുന്നു ദൈവഹിതത്തിന് എതിരായി പ്രവർത്തിക്കുവാൻ തുനിഞ്ഞ ആ ചക്രവർത്തി.



തന്റെ അതിവിശാലമായ സാമ്രാജ്യത്തിന്റെ തലസ്ഥാനമാക്കാൻ പറ്റിയ സ്ഥലം പുരാതന പ്രസിദ്ധമായ ബാബിലോൺ നഗരം നിന്ന സ്ഥലമാണെന്ന് അലക്സാണ്ടർ ചക്രവർത്തിക്ക് ഒരിക്കൽ തോന്നി. ഇവിടെ വീണ്ടും ഒരു നഗരം പടുത്തുയർത്തുവാൻ അദ്ദേഹം ഉടനെ കല്പന പുറപ്പെടുവിച്ചു. ഇതിനായി തന്റെ ആറുലക്ഷം പട്ടാളക്കാർക്ക് റേഷൻ അനുവദിച്ചുകൊണ്ട് അദ്ദേഹം കല്പന ഇറക്കി. പക്ഷേ ചരിത്രം രേഖപ്പെടുത്തുന്നു ബാബിലോൺ നഗരം വീണ്ടും പണിയാനുള്ള കല്പന ഇറക്കിയതിനു ശേഷം പൊടുന്നനെ അപ്രതീക്ഷിതമായി അലക്സാണ്ടർ ചക്രവർത്തി നാടുനീങ്ങി. അദ്ദേഹം ചെറുപ്പമായിരുന്നു; മരിക്കാനുള്ള പ്രായമായിരുന്നില്ല. രോഗവും മാരകമായിരുന്നില്ല. എന്നിട്ടും അതു സംഭവിച്ചു. എന്തുകൊണ്ട്? മറുപടി പകൽപോലെ വ്യക്തമല്ലേ? ദൈവിക ന്യായവിധിയെ മറികടക്കുവാൻ മനുഷ്യന് ആവില്ല. ബാബിലോൺ നഗരമാകട്ടെ ഇന്നും പണിയപ്പെടാതെ മരുഭൂമിയായി കിടക്കുന്നു.

**അദൃശ്യനായ ദൈവത്തേയും അദൃശ്യമായ സ്വർഗ്ഗത്തേയും ദൃശ്യവത്ക്കരിച്ച് ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നതാകണം നമ്മുടെ വിശ്വാസം**



# ഇങ്ങനെയും ഒരു കാലം

അനേകം വർഷങ്ങൾക്കു മുമ്പാണ്. മഹാകവി ഇടശേരി, അക്കിത്തം, വി.ടി.ഭട്ടതിരിപ്പാട് എന്നീ മൂന്നുപേർ  ഒരു വെളുപ്പാൻകാലത്ത് ഒരു യാത്രയ്ക്കുപോയി. തൃശൂർ, ആലുവ വഴി പറവൂർക്കായിരുന്നു തീർത്ഥാടനം. എഴുത്തുകാരനും പത്രാധിപരും ചരിത്രകാരനുമൊക്കെയായ കേസരി ബാലകൃഷ്ണപിള്ളയെ വീട്ടിൽപ്പോയി കാണുകയായിരുന്നു ഉദ്ദേശ്യം. ഉച്ചയോടുകൂടി അവർ പറവൂരെത്തി. കേസരിയുടെ വീടായ 'മാടവനപറമ്പ്' അന്വേഷിച്ചു നടപ്പായി. വഴിയിൽക്കണ്ട ഒരാളോടു കേസരിയുടെ വീടിനെക്കുറിച്ചു തിരക്കി.


വഴിപോക്കൻ മറുപടി പറയാതെ നടന്നുപോയി! അപ്പോഴതാ വരുന്നു, മറ്റൊരു മനുഷ്യൻ. അയാൾ പറഞ്ഞു: "എനിക്കറിയാൻ മേല."

അക്കിത്തത്തിനും വി.ടി.ക്കും പരിഭ്രമമായി. ഇനി, ഇതു പറവൂരല്ലായിരിക്കുമോ?

അടുത്തൊരു പീടികയിൽ കയറി കേസരിയുടെ വീടിനെക്കുറിച്ചു തിരക്കി.

പീടികക്കാരൻ ഉറക്കെ ചോദിച്ചു: "ഏതു ബാലകൃഷ്ണപിള്ളയാണ്? ഇവിടെ പല ബാലകൃഷ്ണപിള്ളമാരുണ്ട്."

കവികളും മറ്റും വീണ്ടും നടന്നു. വഴിയരികിൽ വേറൊരാളെക്കണ്ടു. അയാൾ ഒരു പത്രം ഏജന്റാണെന്നു മനസിലായപ്പോൾ അക്കിത്തത്തിന് ആശ്വാസമായി. പത്രം ഏജന്റാകുമ്പോൾ കേസരിയെ അറിയാതെ വരില്ല.



ഏജന്റ് കുറച്ചുനേരം ആലോചിച്ചു. എന്നിട്ടു ചൊല്ലി: "കച്ചേരിയിലുള്ള ഒരു തടിയൻ ബാലകൃഷ്ണപിള്ളയുണ്ട്. നിങ്ങൾ ഉദ്ദേശിക്കുന്നത് തടിയൻ ബാലകൃഷ്ണപിള്ളയെയല്ലേ?"

സാക്ഷാൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയ്ക്കു ശേഷം രാജാധികാരത്തോടും സർക്കാരിനോടും യാഥാസ്ഥിതികരോടും സമരം ചെയ്ത് ആരോഗ്യവും ആയുസും നഷ്ടപ്പെടുത്തിയ കേസരി ബാലകൃഷ്ണപിള്ളയെ; സമദർശി, കേസരി തുടങ്ങിയ പത്രങ്ങളുടെ പത്രാധിപർ, എഴുത്തുകാരൻ, ചരിത്രകാരൻ ഇങ്ങനെയൊക്കെയുള്ള കേസരി ബാലകൃഷ്ണപിള്ളയെ നാട്ടാർക്ക് അറിയില്ല!

എല്ലാ ബാലകൃഷ്ണപിള്ളമാരിലും പ്രകാശിക്കുന്നത് ഒരേ ജീവാത്മാവാണെന്ന സോഷ്യലിസ്റ്റ് മനോഭാവമാണു നാട്ടുകാർക്ക്. സ്വന്തം നാട്ടിൽ ഒരാൾ മാത്രം അങ്ങനെ മഹാനായി വിലസേണ്ട- എന്ന മഹനീയ ചിന്തയും അവർക്കുണ്ട്!

അതിബുദ്ധി, സൂത്രം, കൗശലം എന്നീ ഗുണഗണങ്ങൾ തികഞ്ഞ മലയാളിയുടെ ഇത്തരം ക്രൂരഫലിതങ്ങൾ ഇന്നും അങ്ങനെതന്നെ തുടരുന്നു.

................. ................. ................. ................. ................. .................

സ്വാമി വിവേകാനന്ദന്റെ വാക്കുകേട്ട് ഒരു ഗുരുവിന്റെ നേതൃത്വം വേണമെന്ന് മനസിലാക്കിയ ബുദ്ധിമാനായ ഡോക്ടർ പൽപ്പു അരുവിപ്പുറത്തെത്തി. അരുവിപ്പുറത്ത് അന്നുണ്ടായിരുന്ന വാവൂട്ടി യോഗത്തെ അധഃകൃതോന്നമനത്തിനുവേണ്ടിയുള്ള ഒരു സഭയായി പരിവർത്തനം ചെയ്യാൻ അദ്ദേഹം ഉദ്ദേശിച്ചു. ആ സഭയെ അങ്ങനെ പരിവർത്തനം ചെയ്തു ഡോ. പൽപ്പു കൊടുത്ത പേരു ഈഴവ മഹാജനസഭയെന്നായിരുന്നു. ഗുരു അങ്ങനെയൊരു സഭയോടു ബന്ധപ്പെടില്ലായെന്ന് മനസിലാക്കിയ ക്രാന്തദർശിയായ കുമാരനാശാൻ ഒരു മുഖംമൂടി എന്നതുപോലെ ആ യോഗത്തിന് ശ്രീനാരായണ ധർമപരിപാലനയോഗം എന്ന് പേരിട്ടു. അങ്ങനെയാണ് എസ്.എൻ.ഡി.പി.യോഗമുണ്ടായത്. ആ യോഗത്തിന്റെ നിയമാവലി എഴുതിയുണ്ടാക്കിയതു കുമാരനാശാനും ഡോ.പൽപ്പുവുംകൂടി ചേർന്നാണ്. ആ നിയമാവലി ഗുരുവിനെ വായിച്ചു കേൾപ്പിച്ചത് കുമാരനാശാനാണ്. അതിൽ സമുദായമെന്ന പേരിന് ഈഴവർ, ചേകവർ, തീയ്യർ, ബില്ലവർ എന്ന് വ്യാഖ്യാനമെഴുതിയിരിക്കുന്നതു വായിച്ചുകേട്ടപ്പോൾ ഗുരു പറഞ്ഞു:

"നാം ഒരിക്കലും സമുദായത്തെ അങ്ങനെ കണ്ടിട്ടില്ല. മനുഷ്യസമുദായത്തെയാണ് നാം സമുദായമെന്ന് പറയുന്നത്." അപ്പോൾ കുമാരനാശാൻ പറഞ്ഞു, ദിവാൻ രാജഗോപാലാചാരിയുടെ നിർദേശപ്രകാരമാണ് ഈ സമുദായങ്ങളുടെ പേരുവച്ചതെന്നും അദ്ദേഹത്തിന്റെ നിർദേശമായതുകൊണ്ട് അതു മാറ്റാൻ പാടില്ലായെന്നും. ഇതുകേട്ടു ഗുരു പറഞ്ഞു: നീ ഇങ്ങോട്ടു ഗുരുവെന്ന് വിളിക്കുകയും നമ്മെ ഉപദേശിക്കുകയും ചെയ്യുന്നു. ഇനി മേലിൽ നാം നിന്നെ ആശാൻ എന്നു വിളിച്ചോളാം. അങ്ങനെയാണ് കായിക്കരയിലെ കുമാരു കുമാരനാശാനായി മാറിയത്.

നിയമാവലി വായിച്ചു കേട്ടു കഴിഞ്ഞു ഗുരു ചോദിച്ചു: "നാം ഈ യോഗത്തിനു അകത്താണോ പുറത്തോണോ." അപ്പോൾ ഗുരുവിന്റെ മനസു വായിച്ച ഡോ. പൽപ്പു "ഗുരു പുറത്താണ്?' എന്ന് വ്യക്തമായിത്തന്നെ പറയുകയുണ്ടായി. "എങ്കിൽ നമുക്കൊന്നും പറയാനില്ല" എന്ന് ഗുരു മറുപടിയും പറഞ്ഞു.

ശ്രീനാരായണഗുരു അരുവിപ്പുറത്ത് പ്രതിഷ്ഠ നടത്തിയതിനെക്കുറിച്ചും തെറ്റിദ്ധാരണ പരത്തുന്ന ഒരുപാടു കഥകൾ മെനയുന്നുണ്ട്. ഗുരു അരുവിപ്പുറത്തു പ്രതിഷ്ഠ നടത്തിയതിനെ എതിർത്തത് നമ്പൂതിരിമാരോ നായന്മാരോ അല്ല. അരുവിപ്പുറത്തുതന്നെയുള്ള ഉമ്മിണിയാശാൻ എന്നു പേരുള്ള ഒരു ഈഴവ മന്ത്രവാദിയാണ് പ്രതിഷ്ഠയ്ക്കു നേരേ രോഷം കൊണ്ടത്. ഗുരു, പ്രതിഷ്ഠ നടത്തിയതുകൊണ്ടുള്ള ദോഷം വരാതിരിക്കാൻ ആ മന്ത്രവാദി പ്രതിഷ്ഠ നടത്തിയ അന്നു രാത്രി മുഴുവൻ ഒരു മരത്തിന്റെ മുകളിൽ കയറി ഇരുപ്പായിരുന്നു. പരദൂഷണ പ്രിയരായ ചിലർ നമ്പൂതിരിമാർക്ക് എതിർപ്പുണ്ടെന്ന് ഗുരുവിനെ അറിയിച്ചപ്പോൾ "അതിന് നമ്പൂതിരി ദൈവത്തെയല്ലല്ലോ നാം പ്രതിഷ്ഠിച്ചത്" എന്നാണ് ഗുരു ശാന്തനായി പ്രതിവചിച്ചത്.

അതല്ലാതെ ഈഴവ ദൈവത്തെ പ്രതിഷ്ഠിച്ചുവെന്ന് ഗുരു പറഞ്ഞിട്ടേയില്ല. ഈ വസ്തുതകൾ അറിയാതെയോ അല്ലെങ്കിൽ അറിഞ്ഞിട്ടും മനഃപൂർവ്വം മറച്ചുവെച്ചോ ആണ് ഗുരു ഈഴവ ദൈവത്തെയാണ് പ്രതിഷ്ഠിച്ചത് എന്ന് പറഞ്ഞുവെന്ന് വ്യാഖ്യാനിക്കുന്നത്.

---



# ജീവിതം ആസ്വദിക്കുമ്പോൾ

പ്രസിദ്ധമായ നാഷണൽ ജിയോഗ്രഫി മാസിക മെക്സിക്കോയിലെ ആസ്ടെക് വർഗ്ഗക്കാരുടെ ഇടയിൽ നിലവിലിരുന്ന നരബലിയെക്കുറിച്ച് ഇങ്ങനെ റിപ്പോർട്ട് ചെയ്തു: "ഈ വർഗ്ഗക്കാർ നരബലിക്കായി തങ്ങളുടെ അടിമകളെയാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ബലിയർപ്പിക്കുന്നതിന് മുൻപുള്ള കുറേ ദിവസങ്ങൾ ഈ അടിമകൾക്ക് സർവ്വസ്വാതന്ത്ര്യവും കൊടുക്കും. തിന്നുകുടിച്ച് മദിച്ച് ഇഷ്ടംപോലെ ഈ ദിവസങ്ങൾ ചെലവിടുവാൻ അവരെ അനുവദിക്കും. എന്നാൽ ഈ സുഖജീവിതത്തിന്റെ അന്ത്യത്തിൽ എന്താണ് തങ്ങളെ കാത്തിരിക്കുന്നതെന്ന് ഈ പാവം അടിമകൾ അറിയാറില്ല." പിശാചിന്റെ അടിമകളായി അവൻ നൽകുന്ന സന്തോഷം മട്ടുവരെ ആസ്വദിക്കുന്ന ധാരാളം പേർ ഇന്നും ഉണ്ട്. പക്ഷേ തങ്ങളുടെ ആത്മാക്കളെ ഒടുവിൽ നരകത്തിൽ എത്തിക്കാനുള്ള സാത്താന്റെ തന്ത്രമാണിതെന്ന് അവർ അറിയുന്നില്ല (ലൂക്കോസ് 12:15).

ലോകപ്രശസ്ത ഗുസ്തിക്കാരനായിരുന്നു തുർക്കിക്കാരൻ ഭീകര യൂസഫ്. അദ്ദേഹം അനേകരാജ്യങ്ങളിൽ യാത്ര ചെയ്ത് ഗുസ്തി നടത്തി അവിടെയെല്ലാം വിജയിച്ച് ധാരാളം സ്വർണവും വെള്ളിയും സമ്പാദിച്ചു. ഈ സമ്പാദ്യങ്ങളുമായി തന്റെ രാജ്യത്തേക്കു കപ്പലിൽ യാത്ര തിരിച്ചു. നാണയങ്ങൾ നഷ്ടപ്പെടും എന്ന ചിന്തയിൽ അവയെല്ലാം അരയിൽ കെട്ടിവച്ചു. നടുക്കടലിൽ എത്തിയപ്പോൾ കൊടുങ്കാറ്റിൽപ്പെട്ട് കപ്പൽ തകർന്നു. അനേകർ തടിക്കഷണത്തിൽ പിടിച്ചു കിടന്നു. അതുവഴി വന്ന മറ്റൊരു കപ്പൽ അവരെ രക്ഷിച്ചു. എന്നാൽ യൂസഫ് അരയിലുണ്ടായിരുന്ന നാണയത്തിന്റെ ഭാരത്താൽ കപ്പൽ തകർന്ന നിമിഷം തന്നെ കടലിൽ താണുപോയി. അങ്ങനെ അവന്റെ ജീവിതം നടുക്കടലിൽ അവസാനിച്ചു.

ലോകം അംഗീകരിച്ച ഗുസ്തിക്കാരൻ, നല്ല ആരോഗ്യമുള്ളവൻ, ധാരാളം പണം സമ്പാദിച്ചവൻ. എന്നാൽ അവൻ പരിജ്ഞാനത്തിൽ ശിശുവായിരുന്നു. അതായത് വിവേകമില്ലാത്തവനായിരുന്നു. അതിനാൽ തന്റെ ജീവൻ നഷ്ടമാക്കി.

റാൽ ബാറ്റൺ എന്ന ചിത്രകാരൻ ആത്മഹത്യ ചെയ്യുന്നതിനുമുമ്പ് ഒരു കുറിപ്പ് എഴുതിവച്ചു. ആ കുറിപ്പ് ഇപ്രകാരമായിരുന്നു:

സന്തോഷവും സമാധാനവും കൊണ്ട് എന്റെ ജീവിതത്തിന്റെ ശൂന്യത മാറ്റുവാൻ ഞാൻ ലോകം മുഴുവനും ഓടി. ഈ ഓട്ടത്തിൽ ഞാൻ ക്ഷീണിച്ചിരിക്കുകയാണ്. അനേകം ഭാര്യമാർ, എണ്ണമില്ലാത്ത സുഖങ്ങൾ, കണക്കില്ലാത്ത പണം ഇതെല്ലാം എനിക്കുണ്ടായി, എങ്കിലും എന്റെ ജീവിതം ശൂന്യമാണ്. ഇനി ഞാൻ ജീവിക്കുന്നില്ല.

ശലോമോൻ രാജാവ് മഹാസമ്പന്നനും ജ്ഞാനികളിൽ ജ്ഞാനിയും ശ്രേഷ്ഠനുമായിരുന്നു. സൂര്യനു കീഴിൽ അഭികാമ്യമായ സകലതും അവനുണ്ടായിരുന്നു. എല്ലാ ജീവിതസുഖങ്ങളും താൻ അനുഭവിച്ചു! എന്നിട്ടും അവസാനം തന്റെ ജീവിതവും ശൂന്യതയുടെ ആഴത്തിലേക്ക് താണു.

ശലോമോനെ, എന്താണ് ഇങ്ങനെ സംഭവിക്കാൻ കാരണം എന്നു ചോദിച്ചാൽ അദ്ദേഹത്തിന് നമ്മോട് പറയുവാനുള്ള മറുപടി ഇതായിരിക്കും. ഞാനെഴുതിയ സഭാപ്രസംഗി എന്ന പുസ്തകത്തിന്റെ അവസാന ഭാഗത്ത് പറഞ്ഞിട്ടുള്ളതാണ്: ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക, അതാകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത്. ഞാൻ അത് വിട്ടുപോയി. അതാണ് എനിക്ക് പറ്റിയ അപകടം.

ദൈവവഴി വിട്ട് സ്വന്ത കാര്യങ്ങൾക്കു വേണ്ടിയും ജഡാഭിലാഷങ്ങൾക്കു വേണ്ടിയും തന്റെ സാഹചര്യങ്ങളും പദവികളും ഉപയോഗിച്ചപ്പോൾ ശലോമോന്റെ ജീവിതം ശൂന്യമായിത്തീർന്നു. എത്ര പരിതാപകരമായ അവസ്ഥ. നമ്മുടെ ജീവിതത്തിൽ ഇങ്ങനെ സംഭവിക്കാതിരിക്കാൻ സൂക്ഷിക്കേണ്ടതുണ്ട്.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

***എങ്ങനെയാണ് 666 കമ്പ്യൂട്ടർ ആണെന്ന് താങ്കൾ പറയുന്നത്?... കമ്പ്യൂട്ടറിന് എങ്ങനെ മനുഷ്യനെ നിയന്ത്രിക്കാൻ കഴിയും?... 666 എങ്ങനെയാണ് എല്ലാവർക്കും മുദ്രയാകുന്നത്? (കഴിഞ്ഞലക്കം തുടർച്ച)***

പ്രൊഫ. കെ. എം. ഫിലിപ്പ്, പെണ്ണുക്കര, പൂമല, ചെങ്ങന്നൂർ

## അറിവിന്റെ ആധുനികഫലം 666

ആധുനിക സാങ്കേതികവിദ്യ പ്രകാരം ഇംഗ്ലീഷിലെ ഓരോ അക്ഷരങ്ങൾക്കും ഓരോ നമ്പർ കൊടുത്തിട്ടുണ്ട്. അതായത് A=6,B=12, C=18, D=24 ഈ ക്രമത്തിൽ വരുമ്പോൾ കമ്പ്യൂട്ടർ എന്ന വാക്കിന്റെ ഓരോ അക്ഷരങ്ങൾക്കുള്ള നമ്പർ c=18, o=90, m=78, p=96, u=126, t=120, e=30, r=108 ഒന്നിച്ചു കൂട്ടുമ്പോൾ 666 കിട്ടുന്നു. ബൈബിളിന്റെ ബഹുഭൂരിപക്ഷം ഭാഗങ്ങളും എബ്രായഭാഷയിലാണ് എഴുതപ്പെട്ടത് എന്നു നമുക്കറിയാമല്ലോ. എബ്രായ ഗ്രീക്ക് ഭാഷകളിൽ പ്രത്യേകം അക്കങ്ങൾ (numbers) ഇല്ല. അക്ഷരങ്ങൾ തന്നെയാണ് അക്കങ്ങളായും ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെ ഓരോ അക്ഷരങ്ങൾക്കും ഒരു വിലയുണ്ട് (numerical value). ഇംഗ്ലീഷ് ഭാഷയിലെ 'w' എന്ന അക്ഷരം എബ്രായ ഭാഷയിൽ vav/waw എന്നാണ് ഉച്ചരിക്കുന്നത്. അതിന്റെ വില 6 ആണ് (numerical value of waw is 6)അങ്ങനെയെങ്കിൽ www എന്നതിന്റെ വില കണക്കാക്കിയാൽ 666 എന്നു മനസിലാക്കാം.






ഈ ഒരു നിഗമനത്തിന്റെ അടിസ്ഥാനത്തിൽ 666 എന്നത് world wide web ആകാം. computer technology അല്ലെങ്കിൽ internet technology അല്ലെങ്കിൽ ഇത് രണ്ടും കൂടിയുള്ള സമന്വയം ആകാനും സാധ്യതയുണ്ട്.



ഈ കമ്പ്യൂട്ടറിന്റെ നിയന്ത്രണത്തിൽ ഓരോ വ്യക്തിക്കും ആധാർകാർഡിലേതുപോലെ ഓരോ നമ്പർ ഉണ്ടാകും. ഇത് മുദ്രയായി ചിപ്പായി നെറ്റിയിലോ കൈമേലോ ഏൽക്കുന്നതോടെ ആ വ്യക്തിയുടെ പൂർണ്ണ നിയന്ത്രണം എതിർക്രിസ്തുവിന്റെ നിയന്ത്രണത്തിലുള്ള മൃഗം-കമ്പ്യൂട്ടർ ശൃംഖല ഏറ്റെടുക്കും. അറിവിന്റെ വൃക്ഷഫലം തിന്ന് മനുഷ്യൻ സാത്താന്റെ അടിമത്വത്തിൽ ആയതുപോലെ, മുദ്ര ശരീരത്തിൽ ഏൽക്കുന്ന മനുഷ്യൻ ലോക വ്യവസ്ഥയ്ക്ക് കീഴ്പ്പെട്ട് സാത്താന്റെ അധീനതയിലേക്ക് മാറ്റപ്പെടുന്നു. മുദ്ര ഏൽക്കാത്തവർക്ക് യാതൊന്നും വാങ്ങുകയോ വിൽക്കുകയോ ചെയ്യാൻ സാധിക്കയില്ല (വെളി.13:17). എന്നാൽ ദൈവം പല പ്രാവശ്യം മുന്നറിയിപ്പായി പറഞ്ഞിട്ടുണ്ട്, മുദ്ര ഏൽക്കരുതെന്ന്. അന്ത്യകാലത്ത് പലരും തങ്ങളുടെ വിശ്വാസത്തിൽ മരിക്കും. അന്നവർ നിങ്ങളെ ഉപദ്രവത്തിന് ഏൽപ്പിക്കുകയും കൊല്ലുകയും ചെയ്യും. അവസാനത്തോളം സഹിക്കുന്നവർ രക്ഷിക്കപ്പെടും (മത്താ.24:4-13). ഒന്നാമത്തവൻ പോയി തന്റെ കലശം ഭൂമിയിൽ ഒഴിച്ചു. അപ്പോൾ മൃഗത്തിന്റെ മുദ്രയുള്ളവരും അതിന്റെ പ്രതിമയെ നമസ്ക്കരിക്കുന്നവരുമായ മനുഷ്യർക്ക് വല്ലാത്ത ദുർവ്രണം ഉണ്ടായി (വെളി.16:2).... എന്നാൽ നെറ്റിയിലോ കൈമേലോ മുദ്ര ഏൽക്കുന്നവർ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും. രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല (വെളി.14:9-11).




---

***യേശു വെള്ളത്തെ വീഞ്ഞാക്കി. പൗലോസ് ശിഷ്യനായ തിമൊഥെയോസിനോട് വീഞ്ഞുകുടിക്കുവാൻ നിർദ്ദേശിക്കുന്നു. സന്തോഷത്തോടെ വീഞ്ഞുകുടിക്കുവാൻ പഴയനിയമത്തിലും പറയുന്നുണ്ട്. വീഞ്ഞ് ദൈവം ഉണ്ടാക്കിയതാണെന്നും അത് അനുഗ്രഹത്തിന്റെ ലക്ഷണമാണെന്നും ബൈബിൾ പറയുന്നുണ്ട്. അങ്ങനെയെങ്കിൽ മദ്യപാനം പാടില്ലായെന്ന് എങ്ങനെ ഒരു ക്രിസ്ത്യാനിക്ക് ബൈബിളിനെ അടിസ്ഥാനമാക്കി പറയാൻ കഴിയും?***

ജോൺസൻ ചെമ്മണ്ണൂർ, നെല്ലിക്കുഴി, എളമ്പ്ര, കോതമംഗലം

ചക്കിലാട്ടി തുകൽ സഞ്ചിയിൽ സൂക്ഷിക്കുന്ന മുന്തിരിനീര് മദ്യമാണെന്ന് പറയുന്നവർ ആദ്യം മദ്യം എന്താണെന്ന് പഠിക്കണം. അത് ഉത്തരത്തിന്റെ അവസാനഭാഗത്ത് ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. വീഞ്ഞിനും മദ്യത്തിനും വേറെ വേറെ വാക്കുകളാണ് ബൈബിളിന്റെ മൂലഭാഷയിൽ ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ മലയാളം ഉൾപ്പെടെയുള്ള പരിഭാഷകളിലേക്ക് വന്നപ്പോൾ ശരിയായ നിലയിൽ അല്ല വാക്കുകളുടെ പ്രയോഗം വന്നിട്ടുള്ളത്. വീഞ്ഞിന് "യെയാൻ" (യെയിൻ) "ഓയ്നോസ്" എന്നു പറയുമ്പോൾ വീര്യമുള്ള വീഞ്ഞിന് "സെക്കർ" എന്നാണ് പറയുന്നത്. പുതുവീഞ്ഞെന്നാൽ വീര്യം കൂടിയ മദ്യം എന്നല്ല ഒരു സീസണിലെ ആദ്യത്തെ ഉൽപ്പന്നം. അതായത് "തിറോഷ്". വേദപുസ്തകഭാഷ മനസിലാക്കുന്നതിലെ പിഴവുകളാണ് ദുരുപദേഷ്ടക്കന്മാർ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നത്.

വീര്യവും ലഹരിയുമുള്ള വീഞ്ഞിന് "ഷേകാർ" എന്നാണ് പേര്. മനുഷ്യ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന വീഞ്ഞ് എന്നു പറഞ്ഞിരിക്കുന്നത് ചക്കിലിട്ട് ആട്ടി ഭരണിയിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന മുന്തിരിചാറാണ്. ധാന്യം, വീഞ്ഞ്, എണ്ണ ഇവ യഹൂദന്റെ ഭോജ്യവസ്തുക്കളുടെ പട്ടികയിൽപെട്ടതാണ്. മുന്തിരി അടയും വീഞ്ഞും എന്നു പറഞ്ഞാൽ ഇവിടുത്തെ പാഷണ്ഡന്മാർ പറയുന്നതുപോലെ മദ്യവും ടച്ചിംഗ്സുമല്ല. വിവാഹം പെരുന്നാൾ തുടങ്ങി ഏതു സത്കാരത്തിനും വീഞ്ഞുവിളമ്പുന്ന നാട്ടിൽ, നല്ല വെള്ളം കിട്ടാതെ വന്നാൽ വീഞ്ഞ് കുടിക്കുന്ന നാട്ടിൽ യേശു വെള്ളത്തെ വീഞ്ഞാക്കി എന്നു പറയുമ്പോൾ യേശു മദ്യമുണ്ടാക്കിയെന്ന് വ്യാഖ്യാനിക്കുന്നവരെ ഓർത്ത് ഖേദിക്കുന്നു. പുതിയനിയമ കാലങ്ങളിൽ പോലും യിസ്രായേലിൽ കുടിവെള്ളം അത്ര ശുദ്ധമായിരുന്നില്ല. ഇക്കാലത്തെപോലെ ജലശുദ്ധീകരണമാർഗ്ഗങ്ങൾ അന്നില്ലാതിരുന്നതുകൊണ്ട് യിസ്രായേലിൽ മാത്രമല്ല, പല രാജ്യങ്ങളിലും മുന്തിരിച്ചാറാണ് അധികമായി കുടിക്കുവാൻ ഉപയോഗിച്ചിരുന്നത്. മിഷ്നയിൻ ഇക്കാര്യങ്ങളെല്ലാം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പോസ്തലനായ പൗലോസ് തിമൊഥെയോസിനോട് വീഞ്ഞ് കുടിക്കുവാൻ പറഞ്ഞതിന്റെ കാരണവും മറ്റൊന്നല്ല. വയറ്റിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ സാധാരണയായി നാം ഇഞ്ചിയും കുരുമുളകും ഉപ്പും കഴിക്കാറുണ്ട്. ഇതുപോലൊരു നിർദ്ദേശമാണ് പൗലോസ് തിമൊഥെയോസിന് നൽകുന്നത്.

ചില വേദഭാഗങ്ങളിൽ വീഞ്ഞ് കഴിക്കുന്നതിനെകുറിച്ച് ക്രിയാത്മകമായി ചിത്രീകരിച്ചിട്ടുണ്ട്. സഭാപ്രസംഗി 9:7-ൽ "നീ ചെന്ന് സന്തോഷത്തോടെ അപ്പം തിന്നുക; ആനന്ദഹൃദയത്തോടെ വീഞ്ഞുകുടിക്ക" എന്ന് വായിക്കുന്നു. സങ്കീർത്തനം 104:14,15-ൽ വീഞ്ഞു മനുഷ്യന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുവാൻ വേണ്ടി ദൈവം ഉണ്ടാക്കിയതാണെന്നു പറയുന്നുണ്ട്. ആമോസ് 9:14-ൽ സ്വന്ത ദ്രാക്ഷത്തോട്ടത്തിൽ നിന്ന് വീഞ്ഞു കുടിക്കുന്നത് അനുഗ്രഹത്തിന്റെ ലക്ഷണമായിട്ടാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. യെശയ്യാവ് 55:1-ൽ പാലും വീഞ്ഞും വാങ്ങിക്കൊൾവീൻ എന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ പലരുടേയും പ്രശ്നം വീഞ്ഞും മദ്യവും എന്താണെന്ന് മനസിലാക്കാൻ കഴിഞ്ഞിട്ടില്ലാ എന്നുള്ളതാണ്. വീഞ്ഞ് എന്താണ്? മദ്യം എന്താണ്? എന്ന് മനസിലാക്കികഴിയുമ്പോൾ വീഞ്ഞ് എന്തല്ലാ എന്നു വ്യക്തമാകും.

**വീഞ്ഞ്** : മുന്തിരിച്ചാറ് വാറ്റിയല്ല, പുളിപ്പിച്ചുണ്ടാക്കുന്നതാണ് വീഞ്ഞ്. ഇത് നമുക്ക് നമ്മുടെ വീട്ടിൽ ഉണ്ടാക്കാവുന്നതേയുള്ളു. മുന്തിരി നന്നായി കഴുകി വെള്ളം തുടച്ച് എടുത്തതിനുശേഷം ഭരണിയിൽ ലയറായി മുന്തിരിയും പഞ്ചസാരയും ഇടുന്നു. അതിനു മുകളിൽ കറുവപ്പട്ട, ഗ്രാമ്പു, സൂചിഗോതമ്പ് എന്ന ക്രമത്തിൽ ഇട്ടശേഷം വെള്ളം ഒഴിക്കുന്നു. എന്നിട്ട് വായു കടക്കാതെ ഭരണി മൂടുന്നു. ഓരോ ആഴ്ചയും ഭരണി തുറന്ന് നന്നായി ഇളക്കി കൊടുക്കുന്നു. 30 ദിവസം കഴിയുമ്പോൾ വീഞ്ഞ് അരിച്ചെടുത്ത് കുപ്പികളിൽ ആക്കുന്നു. ഇതിന് നല്ല കളർ കിട്ടാൻ പഞ്ചസാര കരിച്ചു ചേർക്കുന്നു. കുപ്പികളിലാക്കിയ വീഞ്ഞ് 15 ദിവസത്തിനുശേഷം ഉപയോഗിച്ചു തുടങ്ങുന്നു. ഇങ്ങനെയുണ്ടാക്കുന്നതാണ് യഥാർത്ഥ വീഞ്ഞ്.











ഇതിൽ മൊളാസസ്, കരിമ്പുനീര് എന്നിവ വാറ്റി തയ്യാറാക്കുന്ന 'റം' പോലുള്ള മദ്യങ്ങൾ ചേർക്കുമ്പോഴാണ് വീഞ്ഞ് ലഹരിപാനീയമാകുന്നത്. യഥാർത്ഥ വീഞ്ഞ് ലഹരി പാനീയമല്ല. അത് ആരോഗ്യദായകമാണ്. ആപ്പിൾ, ബെറി എന്നിവയിൽ നിന്ന് വീഞ്ഞുണ്ടാക്കാം. മുന്തിരി ജ്യൂസിനൊപ്പം ഈസ്റ്റ് ആനുപാതികമായി കലർത്തി മൈക്രോവൈനറിയിൽ പെട്ടെന്ന് നിലവാരമുള്ള വീഞ്ഞ് ഉണ്ടാക്കാൻ കഴിയും.

**എന്താണ് മദ്യം? "കത്തോലിക്ക" സഭയോ, മതമോ? ആരുടെ ദാനമാണ് ബൈബിൾ? എന്താണ് പാസ്റ്റർ എം. എ. വർഗ്ഗീസിന്റെ ഓന്തുശാസ്ത്രം? ക്രിസ്തുവിലായ ഒരുവൻ ശാപത്തിന്റെ കീഴിലോ? ആധികാരികമായ ഉത്തരത്തിനായി കാത്തിരിക്കുക. ഓർക്കുക: ശാസ്ത്രം, ചരിത്രം, മതം, ഫിലോസഫി തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കി ബൈബിളിനെതിരെ ഉയരുന്ന ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകുവാൻ കഴിയുന്ന ഏകവിജ്ഞാന പത്രമാണ് വേദാഭിമാനി. അതുകൊണ്ട് ഉടൻ വരിക്കാരാകുക. വായന ഉറപ്പാക്കുക... വരിസംഖ്യയല്ല, നിങ്ങളുടെ വായനയാണ് ഞങ്ങൾക്ക് പ്രധാനം.**

WEBSITE
vedahimani.com
FACE BOOK
vedahimani
MAIL
vedahimani@gmail.com
YouTube
vedabhimani

VEDABHIMANI
EXPERIENCE THE POWER OF TRUTH

Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2018-2020
Licence No. KL/CR/MVK/WPP-03/2018-20
Licensed to post without prepayment
Posted on 15, 20 Feb: 2020 at RMS Kayamkulam
Published on Ist Feb: 2020
RNI Registered No. KERMAL/2002/7361

# പുലിയലർച്ച



മലഞ്ചരുവിലെ പുലിപ്പാറയ്ക്കടുത്തു കൂടി പകൽസമയത്തുപോലും ആരും നടക്കാറില്ലായിരുന്നു. ഒരിക്കൽ ഒരുപറ്റം ആടുകൾ അതിനരികെ മേഞ്ഞുനടന്നു. ആടിന്റെ ഗന്ധമേറ്റ ഒരു പെൺപുലി പുറത്തുവന്നു, കണി കെങ്കേമം. താൻ പൂർണ ഗർഭിണിയാണെന്ന കാര്യം കൂടി ഓർക്കാതെ അത് ആട്ടിൻപറ്റത്തിലേക്ക് ചാടി. അത്രയേറെ വിശപ്പുണ്ടായിരുന്നു.

ചാട്ടം പിഴച്ചു. ആട്ടിൻപറ്റത്തിനിടയിൽ വച്ച് പുലി പെറ്റു. മേച്ചിൽക്കാർ ഓടിക്കൂടി പുലിയെ അടിച്ചുകൊന്നു. അവർ പുലിക്കുഞ്ഞിനേയുമെടുത്ത് നടന്നു. പുലിക്കുഞ്ഞ് ആട്ടിൻകുഞ്ഞുങ്ങളോടൊത്ത് വളർന്നു. പച്ചിലകളും വെള്ളവും കഴിച്ച് ആടിനെപ്പോലെ വളർന്നു. വർഷങ്ങൾ പലതുകഴിഞ്ഞു. പുലിക്കുഞ്ഞ് ഒത്തൊരു പുലിയായി. എന്നിട്ടും അത് ആടുകളുകൂടെ നടന്നതേയുള്ളു.

ഒരു ദിവസം മലഞ്ചരുവിൽ മേഞ്ഞുകൊണ്ടിരുന്ന ആട്ടിൻപറ്റങ്ങളുടെമേൽ ഒരു പുലി ചാടിവീണു. കൂട്ടത്തിൽ മറ്റൊരു പുലിയെക്കണ്ട് അവൻ അമ്പരന്നു. ആട്ടിൻപറ്റങ്ങളോടൊത്ത് മേയുന്ന പുലി. ഇന്നേവരെ കേട്ടിട്ടും കണ്ടിട്ടുമില്ലാത്ത സംഭവം. നിമിഷങ്ങൾക്കകം അതിനെയും കടിച്ചുതൂക്കി അവൻ കാട്ടിലേക്ക് നടന്നു.

ഒരു ജലാശയത്തിന്റെ വക്കിലെത്തി പറഞ്ഞു: നാണമില്ലല്ലോ, നിന്റെ തീറ്റമൃഗങ്ങളോടൊത്ത് മേഞ്ഞുനടക്കാൻ. വർഗത്തിനു തന്നെ നാണക്കേട്. ഇതുതിന്നു നോക്ക്. പുലി കുറച്ച് മാംസം കൊടുത്തു. അവൻ അത് തിന്നു. നല്ല സ്വാദ്. പച്ച ഇറച്ചി അകത്തുചെന്നപ്പോഴേക്കും അവന്റെ മട്ടുതന്നെ മാറി. അവനലറി പുലിയർച്ച. താൻ ആടല്ലെന്ന ബോധം അവനിലുണർന്നു.

ഏത് വിശുദ്ധനായാലും ജഡത്തിന്റെ ചിന്തകളാൽ ലോകത്തിലേക്ക് ഇറങ്ങി പിശാചിന് ജീവിതത്തിൽ ഇടം കൊടുത്താൽ മനുഷ്യരിൽ അവരുടെ മൃഗീയ സ്വഭാവം വെളിപ്പെട്ടുവരും എന്ന കാര്യം നാം മറന്നുപോകരുത്. മൃഗീയ മനുഷ്യനെ സമൂലം പരിവർത്തനം ചെയ്ത് വിശുദ്ധനാക്കി തീർക്കുവാൻ ക്രിസ്തുവിന് കഴിയും. ചെന്നായയെ കുഞ്ഞാടാക്കുന്ന മാർഗ്ഗമാണ് ക്രിസ്തുമാർഗ്ഗം. കുഞ്ഞാടായി മാറിയ ചെന്നായ മൃഗീയരായവരുടെ കൂട്ടായ്മയിൽ അകപ്പെട്ടാൽ കുഞ്ഞാടിന്റെ സ്വഭാവം വെടിഞ്ഞ് അത് ചെന്നായയായി മാറും. ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ട മനുഷ്യൻ ലോകം, ജഡം, പിശാച് ഇവയ്ക്ക് ഇടം കൊടുക്കാതെ സൂക്ഷിക്കേണ്ടതാണ്.

# ഞങ്ങളുടെ പ്രത്യാശ



ഒരു നവംബർ മാസത്തിൽ നല്ല തണുപ്പുള്ള പ്രഭാതത്തിൽ ലണ്ടനിലുള്ള ഒരു വലിയ ഫാക്ടറിയുടെ ഗേറ്റിനരികിൽ ഒരു ചെറിയ കുട്ടി തണുത്ത് വിറച്ച് ഇരിക്കുന്നു. അവൻ അന്നത്തെ വാർത്താപത്രം വിൽക്കാൻ ഇരിക്കുകയാണ്. രോഗിയായി കിടക്കുന്ന അവന്റെ അമ്മയ്ക്ക് മരുന്നുവാങ്ങാനും അന്നത്തെ ആഹാരത്തിനും പത്രം വിറ്റു കിട്ടുന്ന പണം മാത്രമേയുള്ളൂ. അതുകൊണ്ടാണ് ആ കൊടും തണുപ്പിൽ ആ ബാലൻ അവിടെ ഇരിക്കുന്നത്. രാത്രി ജോലി കഴിഞ്ഞ് മടങ്ങിപ്പോകുന്നവരും പകൽ ജോലിക്ക് വരുന്നവരും പത്രം വാങ്ങും. അങ്ങനെ ജീവിതമാർഗ്ഗം അവൻ കണ്ടെത്തി.

അതുവഴി കടന്നുപോകുന്നവരെല്ലാം കമ്പിളിവസ്ത്രങ്ങളും തലപ്പാവും ഒക്കെ ധരിച്ചിട്ടുണ്ട്. പക്ഷെ, ഈ കുട്ടിക്കാകട്ടെ ഒരു ചെറിയ നിക്കറും ഒരു കീറിയ ഷർട്ടു മാത്രം. പുതയ്ക്കാൻ ഒരു തുണി പോലുമില്ല. തണുപ്പുസഹിക്കാനാവാതെ അവൻ കൈകൾ കൂട്ടിത്തിരുമ്മുകയും ശരീരം തടവുകയും ചെയ്യുന്നുണ്ട്. ചിറികൾ കൂട്ടിയിടിക്കുന്നു. തണുത്ത കാറ്റിൽ അവൻ കൂനി ഇരിക്കുകയാണ്. പത്രം വാങ്ങാൻ വന്ന ഒരു മാന്യനായ മനുഷ്യന് അവന്റെ സ്ഥിതികണ്ട് വളരെ സഹതാപം തോന്നി. ഒരു പത്രം എടുത്ത് അയാൾ പണം കൊടുത്തു എന്നിട്ടു പറഞ്ഞു:"കഠിനമായ തണുപ്പുകൊണ്ട് നീ വിറയ്ക്കുകയാണല്ലോ. മോശം കാലാവസ്ഥയിൽ വല്ലാത്ത ബുദ്ധിമുട്ട് തോന്നുന്നുണ്ടോ. ആ കുട്ടി പുഞ്ചിരിച്ചുകൊണ്ട് ആ മനുഷ്യനോട് പറഞ്ഞു: "ഇല്ല സാർ, കുഴപ്പമില്ല. സൂര്യൻ ഉദിക്കാറായല്ലോ." ശരിയാണ് ഈ തണുപ്പ് സാരമില്ല. കാരണം, ഉടനെ സൂര്യൻ ഉദിക്കുമല്ലോ. പിന്നെ തണുപ്പില്ലല്ലോ. ജീവിതം കഷ്ടപ്പാടുകൾ നിറഞ്ഞതാണെങ്കിലും നീതിയിൻ സൂര്യനായ കർത്താവ് വേഗം വരുമല്ലോ. അതെ ഈ പ്രത്യാശ നിലനിൽക്കട്ടെ.



## ഡയെ്ലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺ശാസ്ത്രത്തെ കൂട്ടുപിടിച്ച് അന്ധവിശ്വാസത്തെ പ്രോത്സാഹിപ്പിക്കരുത്... ദൈവമല്ല നാഥൻ. അറിവാണ് നമ്മെ നയിക്കേണ്ടത്.?

ശ്രീകുമാർ, ശാസ്ത്രസാഹിത്യ പരിഷത്ത്, ചൊവ്വല്ലൂർ, വിളപ്പിൽശാല, കാട്ടാക്കട

☹**വീടിനും നാടിനും നാഥനുണ്ട്. പ്രപഞ്ചത്തിന് നാഥനില്ലെന്നോ? നേരായ ജീവിതത്തിന് നേരറിവ് നേടുക.**

☺നന്മ മനസിലൊളിപ്പിച്ച നേതൃത്വം നമുക്കില്ലെന്നാണോ പറയുന്നത്.?

ഈപ്പൻ ഫിലിപ്പ്, കുഴിമറ്റം, പരുത്തുംപാറ,കോട്ടയം

☹**അവർ നന്മയുടെ വ്യാപാരികളാണ്.**

☺സഭാ പ്രസ്ഥാനങ്ങളുടെ തലസ്ഥാനങ്ങളെ എങ്ങനെ നോക്കികാണുന്നു.?

പാ.കെ.എം.ഏലിയാസ്, നടക്കാവ്, ഉദയംപേരൂർ, എറണാകുളം

☹**നരകത്തിന്റെ എ.ടി.എം.കൗണ്ടറായി കണക്കാക്കാം.**

☺ഞരമ്പുരോഗം ഒരു അസുഖമാണോ?

പി. എം. കോശി, മൂലപ്പാടം, ചതകുന്ന്, നിലമ്പൂർ

☹**അല്ല. സൂക്കേടാണ്.**

☺അതിർത്തികളില്ലാത്ത എല്ലാം ഒന്നിച്ചനുഭവിക്കുന്ന നല്ല നാളകളെക്കുറിച്ച് പ്രസംഗിക്കുന്നവന്റെ വീട്ടിൽ ചെന്നാൽ ആദ്യം കാണുന്നത്?

മോളമ്മ സത്യൻ, വേങ്ങൂർ, വാളകം, ആയൂർ

☹**കടിക്കുന്ന പട്ടിയുണ്ട്. അകത്തുകടക്കരുത്.**

☺ജീവിതം മറന്നുപോയ ആത്മീയനെ ബാധിച്ച അസുഖം?

ജോർജ്ജ് വടക്കേക്കുറ്റ്, പുലിവേലിൽ, പയ്യനാമൺ, കോന്നി

☹**റിട്രോ ഗ്രേഡ് അമ്നീഷ്യ**

☺ഈ സീസണിൽ താങ്കൾ കേട്ടതും ഇഷ്ടപ്പെട്ടതുമായ പ്രസംഗത്തിന്റെ പ്രസക്തഭാഗം?

ഷാജി ഉമ്മൻ, കമലേശ്വരം, മണക്കാട്, തിരുവനന്തപുരം

☹**പ്രസക്തമായതിനെ അവർ പ്രസക്തിയില്ലാതാക്കി തീർത്തിരിക്കുന്നു.**

☺പിശാചിനെ ഒഴിപ്പിക്കാനെത്തിയ പ്രവാചകൻ പീഡനശ്രമത്തിനു പിടിയിൽ. പിശാചിനെ കണ്ടതിലുള്ള കലിപ്പ് തീർത്തതാണോ?

റോയി സെബാസ്റ്റ്യൻ, വെട്ടുകുഴിയിൽ, ചിന്നാർ, ഏലപ്പാറ

☹**പിശാച് പ്രവാചകന്റെ ഉള്ളിലായിരുന്നു**




ഇന്ത്യ ഉൾപ്പെടെ, ജനാധിപത്യ രാജ്യത്തിനു പൊതുവേയും അതിലെ സംസ്ഥാനങ്ങൾക്കു പ്രത്യേകിച്ചും നിയമനിർമാണ സഭകളുണ്ട്. ഭാരതത്തിന്റെ പരമോന്നത നിയമനിർമാണ സഭയാണ് ലോക്സഭ. ഈ സഭയിലാണ്, ഭാരതം ഏതുനിലയിൽ പോകണം എന്ന തീരുമാനം കൈക്കൊള്ളുന്നത്. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഭാരതത്തിന്റെ സാമ്പത്തികനയം, വിദേശനയം, ആഭ്യന്തരനയം തുടങ്ങി ഒട്ടേറെ നയപരിപാടികൾ ആസൂത്രണം ചെയ്യുന്നത്. ഈ തീരുമാനങ്ങൾ ഒരു രാഷ്ട്രത്തിന്റെ ഭാവി നിർണയിക്കുന്നു.

അപ്പോൾ തീരുമാനങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഇതുപോലെതന്നെ, ഒരു വ്യക്തി എടുക്കുന്ന തീരുമാനം ചിലപ്പോൾ അവന്റെ നാശത്തിന് കാരണമായിത്തീരുന്നു. അപ്പോൾ മെച്ചപ്പെട്ട തീരുമാനങ്ങൾ എടുക്കാനുള്ള ശേഷി ഉണ്ടാകേണ്ടത് ജീവിത വിജയത്തിന് അനിവാര്യമാണ്. എങ്ങനെ നമുക്ക് നല്ല തീരുമാനങ്ങൾ എടുക്കാൻ കഴിയും? ലക്ഷ്യത്തിലെത്തിക്കുവാൻ പര്യാപ്തമായ നിർദ്ദേശങ്ങളും നമ്മെ നയിക്കുവാൻ ഒരു നല്ല നായകനുമുണ്ടെങ്കിൽ നമ്മുടെ ജീവിതം ധന്യമായിത്തീരും. യേശുവിനെ നായകനാക്കി ബൈബിളിലെ നിർദ്ദേശങ്ങൾ പാലിച്ച് മുന്നോട്ട് പോകുന്നുവെങ്കിൽ വിജയകരമായ ഒരു ജീവിതം നിങ്ങൾക്ക് ഉറപ്പാക്കുവാൻ കഴിയും എന്ന് ജീവിതാനുഭവങ്ങളിലൂടെ ഞങ്ങൾ ഉറപ്പു നൽകുന്നു.




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally